# പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 331 — 9.7.2007 ന് മറുപടിക്ക്

## ഐ.ടി.ഐ. കൾ 'മികവിന്റെ കേന്ദ്ര'ങ്ങളാക്കാനുള്ള പദ്ധതി

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ. സി.ടി. അഹമ്മദ് അലി: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനത്ത് ഏതാനും ഐ.ടി.ഐ. കൾ 'മികവിന്റെ കേന്ദ്ര'ങ്ങളാക്കാനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം ഐ.ടി.ഐ.കളാണ് മികവിന്റെ കേന്ദ്രങ്ങളാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സെന്റേഴ്സ് ഓഫ് എക്സലൻസ് പ്രകാരം 2005-06-ൽ ഐ.ടി.ഐ. ചാക്ക, ഐ.ടി.ഐ. ചന്ദനത്തോപ്പ്, ഐ.ടി.ഐ. ഏറ്റുമാനൂർ, ഐ.ടി.ഐ. കളമശ്ശേരി, ഐ.ടി.ഐ. ചാലക്കുടി എന്നിവ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രകാരം 2006-07-ൽ ഐ.ടി.ഐ. ധനുവച്ചപുരം, ഐ.ടി.ഐ. (വനിത) കൊല്ലം, ഐ.ടി.ഐ. പള്ളിക്കത്തോട് എന്നിവയും മികവിന്റെ കേന്ദ്രങ്ങളാകുകയുണ്ടായി. ഈ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2007-08-ൽ ഇനി പറയുന്ന 13 ഐ.ടി.ഐ. കൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |

1. ഐ.ടി.ഐ. കാസറഗോഡ്

2. ഐ.ടി.ഐ. (വനിത) കോഴിക്കോട്

3. ഐ.ടി.ഐ ചെങ്ങന്നൂർ

4. ഐ.ടി.ഐ മലമ്പുഴ

5. ഐ.ടി.ഐ. കണ്ണൂർ

6. ഐ.ടി.ഐ. കയ്യൂർ

7. ഐ.ടി.ഐ . മാള

8. ഐ.ടി.ഐ . കോഴിക്കോട്

9. ഐ.ടി.ഐ. അരീക്കോട്

10. ഐ.ടി.ഐ. (വനിത) കഴക്കൂട്ടം

11. ഐ.ടി.ഐ. കട്ടപ്പന

12. ഐ.ടി.ഐ. ആറ്റിങ്ങൽ

13. ഐ.ടി.ഐ. ചെന്നീർക്കര

ഇവയിൽ ആറെണ്ണം ഒന്നാംകിട ഐ.ടി.ഐ. കളാണ്. ഐ.ടി.ഐ. കൾ സെന്റേഴ്സ് ഓഫ് എക്സലൻസ് ആകാൻ 1st ഗ്രേഡ് ആകേണ്ടതുണ്ട്. ആയതിനാൽ മേൽ പറഞ്ഞ 13 ഐ.ടി.ഐ. കളിൽ ഏഴ് 2nd ഗ്രേഡ് ഐ.ടി.ഐ. കൾ കൂടി 1st ഗ്രേഡ് ഐ.ടി.ഐ. ആക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇങ്ങനെ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതോടു കൂടി എന്തെല്ലാം സൗകര്യങ്ങളാണ് ഈ സ്ഥാപനങ്ങളിൽ ഉണ്ടാകുന്നതെന്ന് വിശദീകരിക്കുമോ?

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സെന്റേഴ്സ് ഓഫ് എക്സലൻസ് നടപ്പിലാക്കുന്ന ഓരോ ഐ.ടി.ഐ.യ്ക്കും 1,60,00,000/- (ഒരു കോടി അറുപത് ലക്ഷം) രൂപ വീതം ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ തുക വിനിയോഗിച്ച് ഐ.ടി.ഐ. കൾക്ക് കെട്ടിടങ്ങൾ പണിയാവുന്നതും യന്ത്രോപകരണങ്ങൾ വാങ്ങാവുന്നതും അദ്ധ്യാപകർക്ക് ഓണറേറിയം/വേതനം നൽകാവുന്നതുമാണ്. സെന്റേഴ്സ് ഓഫ് എക്സലൻസ് പദ്ധതി നടപ്പാക്കുന്ന ഐ.ടി.ഐ. കളിൽ ലോക നിലവാരത്തിലുള്ള ആധുനിക കോഴ്സുകൾ ആരംഭിച്ച് അതിൽ ട്രെയിനികൾക്ക് പരിശീലനം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: T 332 — **09.07.2007 ലെ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. പി.വിശ്വൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി. കൃഷ്ണപ്രസാദ് | ശ്രീ. മുല്ലക്കര രത്നാകരൻ, ബഹു:കൃഷി വകുപ്പു മന്ത്രി |

| | |
|---|---|
| എ)<br>കേന്ദ്രത്തിന്റെ ഇറക്കുമതി നയം സംസ്ഥാനത്തെ കർഷകരെ എന്തെല്ലാം തരത്തിലാണ് ബാധിച്ചിട്ടുള്ളത്; | എ)<br>1990 കളിലെ വ്യാപാര ഉദാരവത്ക്കരണത്തിന്റെ ഭാഗമായി ഇറക്കുമതി അളവു നിയന്ത്രണങ്ങൾ ഇൻഡ്യ ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരികയും 2001 ഏപ്രിൽ മാസത്തോടെ അവ പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തു. കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച വിവിധതരം തീരുവരഹിത ഇറക്കുമതി പദ്ധതികളും, ഇന്ത്യാ-ശ്രീലങ്ക സ്വതന്ത്ര വ്യാപാര കരാറും കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അളവു നിയന്ത്രണം ഇല്ലാത്ത തീരുവരഹിത ഇറക്കുമതികൾ നാളികേരം, കുരുമുളക്, ഏലം, അടയ്ക്ക എന്നിവയുടെ വില തകർച്ചയ്ക്ക് പ്രധാന കാരണമായിട്ടുണ്ട്. |
| ബി)<br>ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ കുറയ്ക്കാനുള്ള കേന്ദ്ര തീരുമാനം കേരളത്തിലെ നാളികേര കർഷകരെ ദോഷകരമായി ബാധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) & സി)<br>ഉണ്ട്. അളവു നിയന്ത്രണമില്ലാതെയും ഇറക്കുമതി തീരുവ ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുമുള്ള പാമോയിൽ ഉൾപ്പെടെയുള്ള ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയം സംസ്ഥാനത്തെ കേര കർഷകരെ ദോഷകരമായി ബാധിക്കുമെന്ന കാര്യം മുഖ്യമന്ത്രിതലത്തിൽ പ്രധാനമന്ത്രിയുടെയും, കൃഷി മന്ത്രിതലത്തിൽ കേന്ദ്ര കൃഷി മന്ത്രിയുടെയും, കേന്ദ്ര വാണിജ്യകാര്യ മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പാമോയിലിന്റെ ഇറക്കുമതി തീരുവ 300 ശതമാനമായി ഉയർത്തണമെന്ന് കേരളം കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. |
| സി)<br>ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ പുന:സ്ഥാപിക്കണമെന്ന് കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 333 — 9-7-2007 ൽ മറുപടിക്ക്

## പോലീസുകാരുടെ പെരുമാറ്റം

### ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. ജോസഫ് എം. പുതുശ്ശേരി
ശ്രീ. തോമസ് ചാഴികാടൻ

(എ) പോലീസ് വകുപ്പിൽ കോൺസ്റ്റബിൾമാരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർത്തുകയുണ്ടായോ; എങ്കിൽ എന്തടിസ്ഥാനത്തിൽ; പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പൊതുജനങ്ങളോട് മാന്യമായ രീതിയിലുള്ള പെരുമാറ്റവും സമീപനവും പോലീസ് വകുപ്പിൽ ഉറപ്പാക്കുവാൻ എന്തെങ്കിലും പദ്ധതിയാവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മോശമായ പദപ്രയോഗങ്ങൾ, സംസ്കാര ശൂന്യമായ പെരുമാറ്റം എന്നിവ പോലീസിന്റെ ഭാഗത്തുനിന്നും ഒഴിവാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരം പ്രവണതയുള്ള പോലീസുദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ പൊതുധാരയിൽ കൊണ്ടുവരാൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ;

### ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

(എ) പോലീസ് വകുപ്പിൽ കോൺസ്റ്റബിൾമാരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർത്തിയിട്ടില്ല.

(ബി) ഹ്രസ്വകാല പരിശീലനങ്ങളിലൂടെയും ഭരണ നവീകരണ പരിപാടികളിലൂടെയും പൊതുജനങ്ങളോട് മാന്യമായി പെരുമാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും എങ്ങനെ മാന്യമായി പെരുമാറാമെന്നതിനെക്കുറിച്ചും പോലീസുകാർക്ക് വ്യക്തമായി മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. കൂടാതെ പോലീസും പൊതുജനങ്ങളുമായിട്ടുള്ള ബന്ധം പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കമ്മ്യൂണിറ്റി പോലീസിംഗ് സമ്പ്രദായത്തിലൂടെ ദൃഢമാക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) യും (ഡി) യും

ഇക്കാര്യത്തിൽ പരാതി ലഭിക്കുന്ന പക്ഷം കർശനമായ നടപടി കൈക്കൊള്ളുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : **334** **09.07.2007 ൽ മറുപടിക്ക്.**

**കോമൺ ഇന്റഗ്രേറ്റഡ് പോലീസ് ആപ്ലിക്കേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി. എസ്. സുനിൽ കുമാർ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീമതി. ഇ. എസ്. ബിജി മോൾ<br>ശ്രീ. പി. തിലോത്തമൻ | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കോമൺ ഇന്റഗ്രേറ്റഡ് പോലീസ് ആപ്ലിക്കേഷൻ 'സിപ്പ്' എന്ന കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനാരംഭിച്ചിട്ടുണ്ടോ ; | : (എ) | 'സിപ്പ്' എന്ന കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനാരംഭിച്ചു കഴിഞ്ഞു. ഒന്നാം ഘട്ടം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് നഗരങ്ങളിലെ 44 പോലീസ് സ്റ്റേഷനുകളിലും രണ്ടാം ഘട്ടം കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ 136 പോലീസ് സ്റ്റേഷനുകളിലുമാണ് നടപ്പിലാക്കുന്നത്. |
| (ബി) ഈ പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായം ഏത് ഏജൻസി മുഖേനയാണ് ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | : (ബി) | ഇതിനാവശ്യമായ സാങ്കേതിക സഹായം കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക് സെന്റർ ആണ് നൽകുന്നത്. |

(Cind ....2/-)

(സി) ഇതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ ;

: (സി) ഉണ്ട്. 2007-08 ൽ പ്രതീക്ഷിക്കുന്ന സാമ്പത്തികസഹായം **2.31** കോടി രൂപയാണ്.

(ഡി) ഈ സംവിധാനം നിലവിൽ വന്നതിനു ശേഷമുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

: (ഡി) 'സിപ്പ്' നടപ്പിലാക്കുന്നതുവഴി വലിയൊരളവിൽ പോലീസ് സ്റ്റേഷനുകളെ കമ്പ്യൂട്ടർവൽക്കരിക്കുകയാണ് ചെയ്യുന്നത്. ക്രിമിനൽ കേസുകളുടെ അടിസ്ഥാന രേഖയായ എഫ്.ഐ.ആർ. കമ്പ്യൂട്ടറിൽ കൂടിയാണ് തയ്യാറാക്കുന്നത്. എഫ്.ഐ.ആർ. ഘട്ടത്തിൽ ലഭിക്കുന്ന വിവരങ്ങളും കേസിന്റെ അന്വേഷണ സമയത്ത് ലഭിക്കുന്ന എല്ലാ വിവരങ്ങളും അന്വേഷണ നടപടികളും തുടർന്ന് സമർപ്പിക്കുന്ന ഫൈനൽ

(Ctnd......3/-)

റിപ്പോർട്ടും കമ്പ്യൂട്ടറിൽ ഫീഡ് ചെയ്യാനും അവയുടെ പ്രിന്റ് ആവശ്യാനുസരണം ലഭ്യമാക്കാനും കഴിയും. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ആവർത്തന സ്വഭാവമുള്ള ജോലികളുടെ ചെയ്യൽ എളുപ്പമാക്കാനും അതുവഴി വലിയൊരളവിൽ മാനവശേഷി ലാഭിക്കുന്നതിനും അപ്രകാരം ലഭിക്കുന്ന സമയം കുറച്ചുകൂടി ക്രിയാത്മകമായ നിലയിൽ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതിനും കഴിയും. 'സിപ്പ്' നടപ്പാക്കുന്നതോടുകൂടി സംസ്ഥാന-തലത്തിലും ദേശീയതലത്തിലും കുറ്റങ്ങളുടെയും കുറ്റവാളികളുടെയും ഒരു 'ഡാറ്റാ ബാങ്ക്' ഉണ്ടാക്കിയെടുക്കാനും പോലീസിന്റെ പൊതുവിലുള്ള പ്രകടനം വളരെയേറെ മെച്ചപ്പെടുത്താനും കഴിയും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 335 9. 7. 2007 ൽ മറുപടിക്ക്

ദേശീയപാതയുടെ പണികളിൽ നടന്ന ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. ബി. രാഘവൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീമതി ജെ. അരുന്ധതി: | ഡോ. റ്റി.യു. കുരുവിള.<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) 2005-06 ശബരിമല സീസണിൽ കൊല്ലം - ചെങ്കോട്ട ദേശീയ പാതയുടെ പണികളിൽ നടന്ന ക്രമക്കേടുകളെ ക്കുറിച്ച് നടത്തിയ വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (എ) ഇല്ല. അന്വേഷണം പുരോഗമിച്ചുവരുന്നു. |
| (ബി) ഏതെല്ലാം ക്രമക്കേടുകളെ ക്കുറിച്ചാണ് അന്വേഷണം നടത്തിയത് ; | (ബി) കൊല്ലം മുതൽ ചെങ്കോട്ട വരെയുള്ള ദേശീയ പാത 208-ലെ പണികളിലെ ക്രമ ക്കേടുകളും മറ്റു കൃത്രിമങ്ങളും സംബന്ധിച്ചാണ് അന്വേഷണം നടക്കുന്നത്. |
| (സി) വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ് ; | (സി) അന്വേഷണം പൂർത്തി യായിട്ടില്ലാത്തതിനാൽ കണ്ടെ ത്തലുകൾ വ്യക്തമാക്കാൻ നിർവാഹമില്ല. |
| (ഡി) റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ സ്വീകരിച്ച നടപടികൾ വ്യക്ത മാക്കുമോ? | (ഡി) ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 336

09.07.2007-ൽ മറുപടിയ്ക്ക്

## കരാർകൃഷി സമ്പ്രദായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. പി.എം.എ. സലാം | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കൃഷിസമ്പ്രദായം കേരളത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ഉദ്ദേശിക്കുന്നില്ല. വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്. |
| ബി) തുണ്ടുഭൂമികൾ ഏറെയുള്ള കേരളത്തിൽ കരാർകൃഷിയിലൂടെ ഒരു നിശ്ചിത സ്ഥലത്ത് പ്രത്യേകം വിത്തിനങ്ങളും വളവും കീടനാശിനിയും ഉപയോഗിക്കുന്നതിന്റെ ദൂഷ്യഫലത്തെ സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; | ബി) ഇത്തരം ഒരു പഠനം നടത്തുവാൻ കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതാണ്. കരാർ കൃഷി എന്ന ആശയത്തോട് നയപരമായിതന്നെ സർക്കാർ യോജിക്കുന്നില്ല. |
| സി) കേരളത്തിൽ കരാർ കൃഷി ചെയ്യാൻ ഏതെങ്കിലും കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പതിനൊന്നാം പദ്ധതി സമീപന രേഖയിൽ കേന്ദ്ര സർക്കാർ കരാർ കൃഷിക്ക് വ്യക്തമായ മുൻഗണന കൊടുത്തിട്ടുണ്ട്. കരാർ കൃഷിയെ സംബന്ധിച്ചിടത്തോളം കർഷകർക്ക് തൊഴിലും ഭൂമിയും ഒഴികെ കൃഷിയിൽ ഒന്നിനും പങ്കില്ലാത്ത വിധമുള്ള അന്യവത്കരണമാണ് നടക്കുന്നത്. കൃഷിക്കാരുടെ സ്വാഭാവിക വിത്തിനങ്ങൾ കരാർ കൃഷിയിലൂടെ നഷ്ടമാകും. അരി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ നിന്നു മാറി കയറ്റുമതി വിപണിയെ ആശ്രയിക്കുന്ന കൃഷിക്ക് പ്രാധാന്യം ലഭിക്കുമ്പോൾ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ ഇത് വലിയ തോതിൽ ബാധിക്കും. ആയതിനാൽ നിലവിൽ കരാർ കൃഷി സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നില്ല.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 337 — 09.07.2007-ൽ മറുപടിക്ക്

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. പി.കെ. ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഇ. എസ്. ഐ യുടേയോ പ്രോവിഡന്റ് ഫണ്ടിന്റേയോ പരിരക്ഷ ലഭിക്കാത്ത തൊഴിലാളികൾ അസംഘടിതമേഖലയിൽ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മറ്റു തൊഴിലാളികൾക്കുള്ള എല്ലാ ക്ഷേമ പദ്ധതികളുടേയും പ്രയോജനം ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | മറ്റ് ക്ഷേമനിധികളിലൊന്നും അംഗമല്ലാത്ത അസംഘടിതരായ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പ്രവർത്തിച്ചു വരുന്നുണ്ട്. ഈ പദ്ധതി വഴി അവശതാപെൻഷൻ, അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്, പണിയായുധം വാങ്ങുന്നതിനുള്ള പലിശരഹിത വായ്പ, സ്ത്രീ അംഗത്തിന് പ്രസവാനുകൂല്യം, അംഗത്തിന്റെ പെൺമക്കളുടെ വിവാഹാവശ്യത്തിന് ധനസഹായം, മരണമടയുന്ന അംഗങ്ങളുടെ ശവസംസ്ക്കാരത്തിനു അടിയന്തിര സഹായം, അവരുടെ അവകാശികൾക്ക് ധനസഹായം, കൂടാതെ 60 വയസ്സാകുന്ന അംഗത്തിന് റിട്ടയർമെന്റ് ആനുകൂല്യം എന്നിവ നല്കി വരുന്നു. |

സെക്ഷൻ ആഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 338 — 09.07.2007-ൽ മറുപടിക്ക്

## അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. സി. എം. ദിനേശ് മണി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്ന് കേരളത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾ എന്തെല്ലാം പ്രശ്നങ്ങളാണ് നേരിടുന്നത്; | (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്നു പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമപരമായി ലഭ്യമാകേണ്ട അവകാശങ്ങൾ നിഷേധിക്കുന്ന സ്ഥിതിയുണ്ട്. അവരുടെ താമസസൗകര്യം, ചികിത്സാസൗകര്യം എന്നിവയുടെ അപര്യാപ്തയാണ് ഈ തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. |
| (ബി) ഇവർക്ക് താമസിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന് തൊഴിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മിന്നൽ പരിശോധനകൾ നടത്തുകയും താമസത്തിനും മറ്റ് പ്രാഥമിക ആവശ്യങ്ങൾക്കും ഉള്ള സൗകര്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ അടിയന്തിരമായി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും നിർദ്ദേശം നൽകുകയും അവ പരിഹരിച്ചുവെന്ന് തുടർപരിശോധന നടത്തി ഉറപ്പു വരുത്തുവാനും നടപടികൾ സ്വീകരിക്കു ന്നുണ്ട്. |
| (സി) ഇവർക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) മിനിമം വേജസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 339

09.07.2007-ൽ മറുപടിക്ക്

## കാർഷിക സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. എം.കെ. പ്രേംനാഥ്<br>ശ്രീ. കെ.പി. മോഹനൻ<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പുരോഗതി വ്യക്തമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രധാന ഗവേഷണ ഫലങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു. |
| ബി) ഗവേഷണ ഫലങ്ങൾ സംസ്ഥാനത്തെ കാർഷിക മേഖലയിൽ എത്രമാത്രം പ്രയോജനപ്പെട്ടുവെന്ന് വ്യക്തമാക്കുമോ; | ബി) കേരളത്തിന്റെ കാർഷിക മേഖലയിൽ നെല്ല്, തെങ്ങ്, കുരുമുളക്, വാഴ, പച്ചക്കറി മുതലായ പ്രധാന കാർഷിക വിളകളിലും കന്നുകാലി, കോഴി, താറാവ് എന്നീ മൃഗസംരക്ഷണ മേഖലകളിലും ഫിഷറീസ് മേഖലകളിലും ഗവേഷണം നടത്തി കണ്ടെത്തിയ നൂതന ഇനങ്ങളുടെയും, അവയുടെ ശാസ്ത്രീയ പരിപാലനമുറകളും രോഗകീട നിയന്ത്രണ മാർഗ്ഗങ്ങളും കാർഷിക മേഖലയിൽ നടപ്പിൽ വരുത്തുന്നതുവഴി പ്രതിവർഷം ഏകദേശം 640 കോടി രൂപയുടെ അധിക വരുമാനം കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് നേടുവാൻ കഴിഞ്ഞിട്ടുള്ളതായി സർവ്വകലാശാലയുടെയും, സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെയും പഠനങ്ങളിൽ പറയുന്നുണ്ട്. വാഴ, പച്ചക്കറി, പൈനാപ്പിൾ, മാവ് എന്നീ വിളകളിൽ സർവ്വകലാശാല വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ |

കർഷകരിൽ ചെലുത്തിയ സ്വാധീനം വഴി ഈ വിളകളുടെ വിസ്തൃതിയും, ഉല്പാദനവും, ഉല്പാദനക്ഷമതയും കേരളത്തിൽ വർദ്ധിച്ചതായി VFPCK യുടെ കണക്കുകൾ വ്യക്തമാക്കുന്നു.

(സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കാർഷിക സർവ്വകലാശാല കൈമാറ്റം ചെയ്ത സാങ്കേതിക വിദ്യ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

(സി) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ കാർഷിക സർവ്വകലാശാല കൈമാറ്റം ചെയ്ത സാങ്കേതിക വിദ്യ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം - 1</u>

## കാർഷിക സർവ്വകലാശാലയുടെ കഴിഞ്ഞ അഞ്ചു വർഷത്തെ <u>പ്രധാന ഗവേഷണ ഫലങ്ങൾ</u>

1. ജൈവവളവും, ജൈവകീടനാശിനി, മിത്ര കീടങ്ങൾ എന്നിവ ഉപയോഗിച്ചുള്ള കൃഷിരീതികളും പച്ചക്കറിവിളകളിൽ വിജയകരമായി പരീക്ഷിച്ചുനോക്കി.

2. അത്യുല്പാദനശേഷിയുള്ള രണ്ടു വെണ്ടയിനങ്ങളും ഒരു തക്കാളിയിനവും ഒരു മുളകിനവും ഒരു പയറിനവും മൂന്നു തീറ്റ പുല്ലിനങ്ങളും ഓർക്കിഡ് ഇനങ്ങളും 2006-ൽ പുറത്തിറക്കി.

3. ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യ വാഴ, വാനില, ആന്തൂറിയം, ഓർക്കിഡ്, ബ്രഹ്മി, കൂവളം എന്നീ വിളകളിൽ വികസിപ്പിക്കുകയും അത് വിൽക്കുന്നതിനുവേണ്ടിയുള്ള പ്രക്രിയകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

4. പയറിലെ മുഞ്ഞബാധയ്ക്കും വാഴയിലെ തടതുരപ്പനും എതിരെ ജൈവകുമിളുകൾ വളരെ ഫലപ്രദമാണെന്ന് കാണുകയുണ്ടായി.

5. പ്ലൂറോട്ടസ് എന്ന കുമിൾ മുഖേന കയർപിത്ത് കമ്പോസ്റ്റ് ഉണ്ടാക്കുന്ന പ്രക്രിയ എളുപ്പമാക്കുവാൻ (65 ദിവസം) സാധ്യമാണെന്ന് കണ്ടെത്തി.

6. കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ദികച്ചയിനം ആഹാരക്കൂട്ടുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി.

7. പുരയിടത്തോട്ട ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ മാതൃകത്തോട്ടം വികസിപ്പിക്കുകയും ഉല്പാദന വർദ്ധനവിനും ആദായ വർദ്ധനവിനും സഹായകമാകുന്ന സംയോജിത കൃഷി വികസിപ്പിച്ചെടുക്കുകയും ചെയ്തു.

8. കരിമ്പിൽ നിന്നും വിവിധതരം ശർക്കര ഉണ്ടാക്കുന്നതിന്റെ രീതികൾ വികസിപ്പിച്ചെടുത്തു.

9. നെല്ലിൽ നിന്നും പുതിയ ഉല്പന്നങ്ങളായ മിനിട്ടുകൾ കൊണ്ട് വേവിച്ച് കഴിക്കാവുന്ന ചോറ്, ഫ്രൈഡ്റൈസ്, ന്യൂഡിൽസ് മുതലായവ ഉണ്ടാക്കുന്നതിനും കഞ്ഞിവെള്ളത്തെ പൊടി രൂപത്തിലാക്കുന്നതിനുമുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തു.

10. വെള്ളായണി കാർഷിക കോളേജിൽ ജൈവകൃഷിക്കാവശ്യമായ ജീവാണുക്കളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും നടക്കുന്നുണ്ട്. കൂടാതെ ഇതിന്റെ സാങ്കേതികവിദ്യ 14 കമ്പനികൾക്ക് കൈമാറ്റം ചെയ്യുകയും ചെയ്തു.

11. വേമ്പനാട്ടുകായലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള സാങ്കേതിക പദ്ധതി വിജയകരമായി നടപ്പിലാക്കി.

12. 'ഒരു നെല്ലും ഒരു മീനും ' പദ്ധതി 200 കോടി രൂപ മുതൽമുടക്കിൽ നടത്തി കുട്ടനാട് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകി വരുന്നു.

13. കൂട്ടുമുണ്ടകൻ കൃഷിയ്ക്ക് അനുയോജ്യമായ നെല്ലിനങ്ങൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. കോൾകൃഷിയ്ക്ക് അനുയോജ്യമായ ഒരു നെല്ലിനവും മദ്ധ്യകേരളത്തിന് അനുയോജ്യമായ മറ്റൊരു നെല്ലിനവും അമരയിലും പീച്ചിലും രണ്ടിനങ്ങൾ വീതവും കൂർക്കയിൽ ഒരിനവും കശുമാവിൽ ഒരിനവും ഔഷധസസ്യങ്ങളിൽ 5 ഇനങ്ങളും 2006-ൽ പുറത്തിറക്കി.

14. നെല്ലിന്റെ തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയെ നിയന്ത്രിക്കുന്ന ട്രൈക്കോഗ്രമ്മ ജാപ്പോണിക്കം, ട്രൈ കിലോണിസ് എന്നീ മിത്ര പ്രാണികളുടെ മുട്ടകാർഡുകൾ, നെല്ല്, പച്ചക്കറികൾ, കുരുമുളക്, വാനില, ഇഞ്ചി എന്നിവയിലെ രോഗനിയന്ത്രണത്തിനുപയോഗിക്കുന്ന സ്യൂഡോമോണാസ്, ട്രൈക്കോഡെർമ എന്നീ ജൈവ കുമിൾ നാശിനികൾ, മണ്ണിര, മണ്ണിരകമ്പോസ്റ്റ് എന്നിവയും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിവരുന്നു.

15. തണ്ണീർ മത്തൻ, പൊട്ടുവെള്ളരി എന്നിവയുടെ ഭൗതികവും രാസപരവുമായ ഘടന വിശകലനം ചെയ്ത് അവയിൽ നിന്നും ജാം, സ്ക്വാഷ് തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കാം എന്ന് കണ്ടെത്തുകയുണ്ടായി. തണ്ണീർ മത്തന്റെ തൊണ്ടിൽ നിന്നും പെക്റ്റിൻ വേർതിരിച്ചെടുത്ത് ജെല്ലി ഉണ്ടാക്കാമെന്ന് കാണുകയുണ്ടായി.

16. ബ്ലൂസ് നാരങ്ങയിൽ നിന്നും ഗുണമേന്മയാർന്ന നീര് എടുക്കുന്നതിനുള്ള വിദ്യയും, അത് ഉപയോഗപ്പെടുത്തി വിവിധതരം ശീതളപാനീയങ്ങൾ തയ്യാറാക്കുന്ന രീതിയും രൂപപ്പെടുത്തിയെടുത്തു.

17. നെൽപ്പാടങ്ങളിൽ തുടർച്ചയായി കളനാശിനി ഉപയോഗിച്ചാലുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് നടത്തിയ പഠനത്തിൽ ബ്യൂട്ടാക്ലോർ, പ്രിട്ടിലാക്ലോർ, 2,4, ഡി എന്നീ കീടനാശിനികളുടെ അവശിഷ്ടം 25 ദിവസത്തിനു മുമ്പുതന്നെ മണ്ണിൽ നിന്ന് അപ്രത്യക്ഷമാകുന്നതായി കണ്ടു.

18. വാനില സംസ്കരണത്തിൽ ക്യൂറിംഗ് പ്രക്രിയയെ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഒരു പഠനം നടത്തുകയും അതുപ്രകാരം ചൂടു വെള്ളത്തിൽ മുക്കി രാസ പ്രവർത്തനം തടഞ്ഞതിനുശേഷം കുറഞ്ഞ താപനിലയിൽ മെക്കാനിക്കൽ

ഡ്രയറിൽ ഉണക്കിയെടുത്താൽ സമയലാഭത്തോടൊപ്പം ഉയർന്ന അളവിൽ വാനിലിൻ അടങ്ങിയ ഉത്പന്നം ലഭ്യമാവുകയും ചെയ്യുമെന്ന് കണ്ടു.

19. ബാക്ടീരിയ, വൈറസ് തുടങ്ങിയ അണുക്കൾ മൂലവും ശരീരത്തിലുള്ള വിറ്റാമിൻ ഇ, സെലീനിയം എന്നീ മൂലകങ്ങളുടെ കുറവുമൂലം പന്നികളിൽ പെട്ടെന്നുള്ള മരണം ഉണ്ടാകുമെന്ന് കണ്ടുപിടിച്ചു.

20. ഏലച്ചെടിയുടെ ശത്രുകീടമായ വേരുതീനി പുഴുവിനെ 'ഹെറ്ററോറാബ്ഡൈറ്റിസ് ഇൻഡിക്ക' എന്ന നിമവിര ഉപയോഗിച്ച് നിയന്ത്രിക്കാമെന്ന് കണ്ടെത്തി.

21. കാവൻഡിഷ് ഇനം വാഴകളിൽ 'ബൊഡൽസ് അൾട്ടാഫോർട്ട്' എന്ന ഇനം വാഴ ഹൈറേഞ്ച് പ്രദേശങ്ങളിൽ മുന്തിയ വിളവ് തരുന്നതായി തെളിഞ്ഞു.

22. കേരളത്തിന്റെ ഓരോ കാർഷിക മേഖലയ്ക്കും അനുയോജ്യമായ നാളികേരയിനങ്ങൾ കണ്ടെത്തുകയും അവയുടെ തൈകൾ അതാതു പ്രദേശത്തു തന്നെ ഉല്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്.

23. നാളികേര ആവശ്യത്തിനും വെളിച്ചെണ്ണ ആവശ്യത്തിനും ഇളനീർ ആവശ്യത്തിനും വീട്ടുമുറ്റത്ത് അലങ്കാരാവശ്യത്തിനും അനുയോജ്യമായ നാളികേരയിനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

24. 'സെയ്ഷെൽസ് ' എന്ന തെങ്ങിനം മെച്ചപ്പെടുത്തി ' കേരസാഗര ' എന്ന പേരിൽ 2006-ൽ പുറത്തിറക്കി.

25. മധുരക്കള്ളിൽ നിന്നും ലഘുപാനീയം, സാന്ദ്രീകൃത ഉൽപ്പന്നം, ഗ്രാന്യൂൾസ്, ജാം, കേക്ക്, ചോക്ലേറ്റ് എന്നീ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചു. മധുരക്കള്ളിൽ നിന്നുള്ള ലഘുപാനീയം 1 വർഷം വരെ കേടു കൂടാതെ സൂക്ഷിക്കാവുന്നതാണ്.

## അനുബന്ധം - 2

## കാർഷിക സർവ്വകലാശാല കൈമാറ്റം ചെയ്ത സാങ്കേതിക വിദ്യ

1. കേരളത്തിലെ ഒട്ടുമിക്ക ഹോർട്ടികൾച്ചർ വിളകളിലും ടിഷ്യുകൾച്ചർ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നടീൽ വസ്തുക്കളുടെ ഉല്പാദന പ്രക്രിയ വികസിപ്പിച്ചെടുക്കുകയും കഴക്കൂട്ടം മോഡൽ ഫ്ലോറികൾച്ചർ സെന്റർ, വെള്ളനാട് മിത്ര നികേതൻ (കെ.വി.കെ.) മുതലായ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

2. ജൈവ കീട രോഗനിയന്ത്രണ മാർഗ്ഗങ്ങൾക്കായി ഉപയോഗിക്കാവുന്ന ട്രൈക്കോഡർമ, സ്യൂഡോമോണാസ്, മെറ്റാറൈസിയ, ബ്യൂവേറിയ, ഫ്യൂസേറിയം, മൈക്കോറൈസ എന്നീ മിത്ര കുമിളുകളുടെയും ബയോ ഫെർട്ടിലൈസർ ആയി ഉപയോഗിക്കാവുന്ന അസോസ്പൈറില്ലം, ഫോസ്ഫറസ് സോല്യുബിലൈസർസ് എന്നിവ വികസിപ്പിക്കുകയും വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനുള്ള വിദ്യ 12 ഓളം ഉല്പാദകർക്ക് കൈമാറിയിട്ടുമുണ്ട്.

3. കേരളത്തിലെ പ്രധാന പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകളിൽ മൂല്യാധിഷ്ഠിത ഗവേഷണ ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ സ്വയംസഹായ സംഘങ്ങൾ (SHG), കുടുംബശ്രീ, മറ്റു വനിതാസംഘടനകൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവയ്ക്ക് കൈമാറിയിട്ടുണ്ട്.

4. കുട്ടനാടൻ കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ട AAA ഫാമിംഗ് സിസ്റ്റം (നെല്ല്-മത്സ്യം, താറാവ്) സർവ്വകലാശാലയുടെ സംഭാവനയാണ്.

5. ദേശീയ-അന്തർദേശീയ തലത്തിൽ പ്രചാരം നേടിയ തേങ്ങ പൊതിക്കുന്ന യന്ത്രം കണ്ടുപിടിച്ചത് സർവ്വകലാശാലയാണ്.

6. കക്ക/കല്ലുമ്മക്കായിലെ മാലിന്യ നിർമാർജ്ജനത്തിനുള്ള വിദ്യയായ ഡെപ്യൂറേഷൻ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുകയും കൈമാറുകയും ചെയ്തിട്ടുണ്ട്.

7. കേരളത്തിന്റെ തനതായ നാടൻ മത്സ്യങ്ങളിലും വളർത്തു മത്സ്യങ്ങളിലും ക്യാപ്റ്റീവ് ബ്രീഡിംഗ് സാങ്കേതിക വിദ്യ ഇന്ത്യയിൽത്തന്നെ ആദ്യമായി വികസിപ്പിച്ചെടുത്ത് കൈമാറിയിട്ടുണ്ട്.

8. ഉൾനാടൻ മത്സ്യകൃഷിയിൽ വളരെയധികം സ്വാധീനം ചെലുത്തിയ കേജ് ഫാമിംഗ്, പെൻഫിഷ്കൾച്ചർ എന്നീ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്ത് വേമ്പനാട്ടു കായൽ പ്രദേശത്ത് പ്രാബല്യത്തിൽ വരുത്തുകയുണ്ടായി.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 340 — 9-7-2007 - ൽ മറുപടിയ്ക്ക്

**മണ്ഡരി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് കൃഷി വകുപ്പ് ചെലവാക്കിയ തുക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. ടി. അഹമ്മദ് അലി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മണ്ഡരി രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൃഷിവകുപ്പ് ഇതു വരെ എത്ര തുക ചെലവഴിച്ചു; | എ) തുകയൊന്നും ചെലവഴിച്ചിട്ടില്ല |
| ബി) രോഗപ്രതിരോധ പ്രവർത്തനങ്ങളും അവയുടെ മോണിറ്ററിംഗും എത്രത്തോളമായി യെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) & (സി)<br>2001-02 മുതൽ 2004-05 വരെ നടപ്പിലാക്കിയ മണ്ഡരി കീട നിയന്ത്രണ പരിപാടി വിലയിരുത്തുന്നതിനായി നാളികേര വികസന ബോർഡ് വൈസ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി വിലയിരുത്തൽ നടത്തിവരുന്നു. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) ഇത് സംബന്ധിച്ച കേന്ദ്രസഹായത്തിനായി എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

പന്ത്രണ്ടാം കേരള നിയമസഭ

5-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 341

9.7.2007 - ൽ മറുപടിക്ക്

" കള്ള നോട്ടുകൾ "

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. എം. ജെ. ജേക്കബ് :<br>ശ്രീ. സി. എം. ദിനേശ് മണി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) സംസ്ഥാനത്ത് വൻതോതിൽ കള്ള നോട്ട് പ്രചരിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് കള്ള നോട്ട് പ്രചരിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കള്ളനോട്ട് കണ്ടുപിടിക്കുന്നതിന് പോലീസിൽ പ്രത്യേക ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (ബി) പ്രത്യേകം പരിശോധിക്കാവുന്നതാണ്. |
| (സി) വിദേശ നിർമ്മിത കള്ളനോട്ടുകൾ എത്തുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) വിദേശ നിർമ്മിതവും അല്ലാത്തതുമായ കള്ള നോട്ടുകൾ എത്തുന്നതും വിതരണം ചെയ്യുന്നതും തടയുന്നതിനായി നിലവിലുള്ള നിയമ വ്യവസ്ഥയനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ ക്രൈം ബ്രാഞ്ച് യൂണി |

റ്റിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളായി തിരിച്ച് ക്രൈം ബ്രാഞ്ചിലെ തന്നെ പ്രത്യേക അന്വേഷണവിഭാഗത്തിലെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ കള്ളനോട്ടുകൾ കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നവർക്കെതിരെ കേസ് എടുത്ത് അന്വേഷിക്കുന്നതിനും പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ഡി) അടുത്ത കാലത്ത് ഇപ്രകാരം കള്ളനോട്ടു കണ്ടെത്തിയ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

(ഡി) 2007 ജനുവരി 1 മുതൽ 30.6.2007 വരെ 21 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകൾ ക്രൈം ബ്രാഞ്ച് അന്വേഷണത്തിലാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 342. 09-07-07-ൽ മറുപടിക്ക്

## സഹകരണ സംഘങ്ങൾ നടത്തുന്ന കള്ളുഷാപ്പുകൾ

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. എ. എം. യൂസഫ്
ശ്രീ. വി.എൻ. വാസവൻ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു

ഉത്തരം

ശ്രീ. പി. കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) അബ്കാരി നയത്തിന്റെ ഭാഗമായി കള്ളുഷാപ്പുകളുടെ നടത്തിപ്പ് സഹകരണ സംഘങ്ങളെ ഏൽപ്പിച്ചിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) എങ്കിൽ സഹകരണ സംഘങ്ങൾ ഏതെല്ലാം റേഞ്ചുകളിലായി എത്ര കള്ളു ഷാപ്പുകൾ നടത്തുന്നുണ്ട്;

(ബി) 2007-08-ലെ അബ്കാരി നയത്തിന്റെ ഭാഗമായി കള്ള് ഷാപ്പുകളുടെ നടത്തിപ്പിനായി സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ മുഴുവൻ കള്ള് ഷാപ്പുകളും കാസർഗോഡ്, എറണാകുളം ജില്ലകളിലെ 3 വീതം എക്സൈസ് റേഞ്ചിന്റെ പരിധിയിലുള്ള കള്ള് ഷാപ്പുകളുമാണ് സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുള്ളത്. ലൈസൻസ് എടുത്തിട്ടുള്ള ഷാപ്പുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

| എക്സൈസ് റേഞ്ച് ഓഫീസിന്റെ പേര് | കള്ള് ഷാപ്പുകളുടെ എണ്ണം. |
|---|---|
| കണ്ണൂർ ജില്ല | |
| 1. തലശ്ശേരി | 12 |
| 2. കൂത്തുപറമ്പ് | 9 |
| 3. പേരാവൂർ | 8 |
| 4. മട്ടന്നൂർ | 28 |
| 5. ഇരിട്ടി | 15 |
| 6. കണ്ണൂർ | 22 |
| 7. പാപ്പിനിശ്ശേരി | 17 |
| 8. തളിപ്പറമ്പ് | 12 |

| | |
|---|---|
| 9. ആലക്കോട് | 22 |
| 10. പയ്യന്നൂർ | 13 |
| 11. ശ്രീകണ്ഠപുരം | 26 |
| ആകെ | 184 |
| കോഴിക്കോട് ജില്ല | |
| 1. ഫറോക്ക് | 22 |
| 2. കോഴിക്കോട് | 15 |
| 3. കുന്ദമംഗലം | 29 |
| 4. താമരശ്ശേരി | 13 |
| 5. ചേളന്നൂർ | 22 |
| 6. കൊയിലാണ്ടി | 17 |
| 7. ബാലുശ്ശേരി | 44 |
| 8. വടകര | 18 |
| 9. നാദാപുരം | 24 |
| ആകെ | 204 |
| കാസർകോഡ് ജില്ല | |
| 1. ഹോസ്ദുർഗ് | 38 |
| 2. നീലേശ്വരം | 49 |
| 3. ബന്തടുക്ക | 15 |
| ആകെ | 102 |
| എറണാകുളം ജില്ല | |
| 1. പിറവം | 66 |
| 2. പെരുമ്പാവൂർ | 65 |
| 3. മാള | 39 |
| ആകെ | 170 |

| | |
|---|---|
| (സി) ഈ ഷാപ്പുകളുടെ പ്രവർത്തനം തൃപ്തികരമാണോ; വിശദാംശം ലഭ്യമാക്കുമോ? | (സി) ഈ ഷാപ്പുകളുടെ പ്രവർത്തനം തൃപ്തികരമാണ്. സഹകരണ സംഘങ്ങൾക്ക് ഷാപ്പുകൾ നടത്തുന്നതിന് കെട്ടിടങ്ങൾ ലഭ്യമാകുന്നതിന് ബുദ്ധിമുട്ടുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ –343 9.7.2007 ൽ മറുപടിക്ക്

**റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കൈക്കൊണ്ട നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. സാജു പോൾ<br>ശ്രീ. എം പ്രകാശൻ മാസ്റ്റർ<br>ശ്രീ. കെ. സി കുഞ്ഞിരാമൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി | ഷെവ. ടിയു കുരുവിള<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | (എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നിരത്തുകളും പാലങ്ങളും വിഭാഗത്തിന് 2007-08 ബഡ്ജറ്റിൽ 218.67 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ഇതിൽ 34.35 കോടി രൂപയുടെ അറ്റകുറ്റ പണികൾ നടത്തുവാൻ ഇതിനകം അനുവാദം നൽകിയിട്ടുണ്ട്.<br>ദേശീയ പാതാ വിഭാഗത്തിലെ അറ്റകുറ്റപണികൾ കേന്ദ്ര റോഡുപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയമായി നടത്തുന്നതാണ്.<br>കെ. എസ് ടി. പി റോഡുകളുടെ അറ്റകുറ്റപണികൾക്കായി 17 വർക്കുകൾ ഏറ്റെടുത്ത് ചെയ്തു കഴിഞ്ഞു. |
| (ബി) കഴിഞ്ഞ വർഷം എത്ര കോടി രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തി; | (ബി) കഴിഞ്ഞ വർഷം നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 314.87 കോടി രൂപയുടെ അറ്റകുറ്റ പണികളും, ദേശീയ പാതവിഭാഗത്തിൽ 15 കോടി |

—2

രൂപയുടെ സാധാരണ അറ്റകുറ്റ പണികൾക്ക് പുറമേ കാലവർഷ ക്കെടുതിമൂലമുള്ള അറ്റകുറ്റപ്പണി യിനത്തിൽ 428 ലക്ഷം രൂപയുടെ അറ്റകുറ്റപണികളും നടത്തിയിട്ടുണ്ട്. കെ. എസ്. ടി. പി കഴിഞ്ഞ വർഷം അറ്റകുറ്റ പണികൾ ഒന്നും നടത്തിയിട്ടില്ല. കൂടാതെ ശബരിമല റോഡുകൾക്ക് കഴിഞ്ഞ വർഷം 25 കോടി രൂപയുടെ അറ്റകുറ്റ പ്പണികളും ചെയ്തിട്ടുണ്ട്.

(സി) കാലവർഷംമൂലം കേടുപാടുകൾ പറ്റിയ റോഡുകളുടെ അറ്റകുറ്റപ്പണി കൾക്ക് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ഇതിന് പ്രത്യേക ഫണ്ട് അനുവദി ക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) കാലവർഷക്കെടുതികൾ മൂലം തകരാറിലായ റോഡുകളുടെ അറ്റകുറ്റ പണികൾക്കായി നടപ്പു സാമ്പത്തിക വർഷം നിരത്തുകളും പാലങ്ങളും വിഭാഗത്തിന് 21.63 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ പ്രത്യേക ഫണ്ട് അനുവദിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല. എന്നാൽ കേന്ദ്ര സർക്കാർ പ്രത്യേക ധനസഹായം അനുവദിക്കുക യാണെങ്കിൽ റോഡുകളുടെ അറ്റകുറ്റ പണിക്ക് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

നടപ്പു സാമ്പത്തിക വർഷം റോഡുകളുടെ അറ്റകുറ്റപണികൾക്കായി നിരത്തുകളും പാലങ്ങളും വിഭാഗത്തിന് 318.67 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾക്കായി നീക്കിവച്ചിട്ടുള്ള 21.63 കോടി രൂപ വളരെ പരിമിതമാണ്. എന്നിരുന്നാലും റോഡുകൾ സംരക്ഷിക്കുന്നതിന് ആവശ്യമായ റോഡുകേമ്പറുകളും, സൈഡിൽ ഓടകളും, ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കുകളും, ഉയർന്നതും താഴ്ന്നതുമായ പ്രദേശങ്ങളിൽ റീട്ടെയിനിംഗ് വാളുകളും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ദേശീയ പാതകളിലും കേന്ദ്ര ഫണ്ടുപയോഗിച്ച് കേന്ദ്ര റോഡുപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ അറ്റകുറ്റ പണികൾ നടത്തുന്നുണ്ട്. ഈ വർഷവും കാലവർഷം മൂലം വളരെയധികം കേടുപാടുകൾ ദേശീയ പാതയിൽ സംഭവിച്ചിട്ടുണ്ട്. അടിയന്തിര അറ്റകുറ്റപണികൾ ഉടനെ ചെയ്തു തീർക്കുന്നതും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്ര മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തുന്നതുമാണ്.

കെ. എസ് ടി പി കരാറുകാർ പണി നിർത്തിവെച്ച എം. സി റോഡിലേയും, തൃശ്ശൂർ- കുറ്റിപ്പുറം, പാലക്കാട്-ഷൊർണ്ണൂർ റോഡിലേയും സഞ്ചാരയോഗ്യമല്ലാതായി തീർന്ന റോഡു ഭാഗങ്ങൾ 17 പ്രവർത്തികളിലായി 3.42 കോടി രൂപ ചിലവിൽ അറ്റകുറ്റ പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കെ. എസ് ടി പി ക്ക് അനുവദിച്ചിട്ടുള്ള

തുകയിൽനിന്നുതന്നെയാണ് കാലവർഷക്കെടുതി മൂലം തകരാറിലായ റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നത്.

കൂടാതെ കാലവർഷക്കെടുതിമൂലമുണ്ടായ നാശനഷ്ടത്തിന് ധനസഹായം നൽകുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേക സഹായം ആവശ്യപ്പെടുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് അനുവദിക്കുകയാണെങ്കിൽ റോഡുകളുടെ അറ്റകുറ്റപണികൾക്ക് കൂടുതൽ തുക ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

Section Officer.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 344. 09-07-07-ൽ മറുപടിക്ക്

## കള്ള് ഷാപ്പുകളിലെ നിയമനങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ പങ്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. എൻ. ശക്തൻ | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കള്ള് ഷാപ്പുകളിൽ എക്സൈസ് ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്നവർക്ക് നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഷാപ്പ് ലൈസൻസികൾക്ക് നിർദ്ദേശം നൽകിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ചിറയിൻകീഴ് താലൂക്കിൽ ഇത്തരത്തിൽ തൊഴിലാളികളെ നിയമിക്കാൻ തയ്യാറാകാത്ത കള്ള് ഷാപ്പുകൾ പൂട്ടിയിടുവാൻ അധികൃതർ നിർദ്ദേശിച്ചതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ചിറയിൻകീഴ് താലൂക്കിൽ ഇത്തരത്തിൽ തൊഴിലാളികൾക്ക് നിയമനം നൽകാത്തതിന്റെ പേരിൽ കള്ള് ഷാപ്പുകൾ പൂട്ടിയിടുവാൻ അധികൃതർ നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കള്ള് ഷാപ്പുകളിലെ താല്ക്കാലിക ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) മാർഗ്ഗ നിർദ്ദേശം നൽകിയിട്ടില്ല. 13-03-07-ലെ ജി.ഒ.(പി) 43/07/ നി.വ. ഗവൺമെന്റ് ഉത്തരവു പ്രകാരം 2002-03 വർഷം നിർത്തലാക്കിയ കള്ളുഷാപ്പുകളിൽ തൊഴിൽ ചെയ്തിരുന്നവരും പിന്നീട് മറ്റു കള്ളു ഷാപ്പുകളിൽ പുനർ വിന്യസിക്കുകയും ചെയ്ത തൊഴിലാളികളെ 2007-08 വർഷം പുന:സ്ഥാപിക്കപ്പെട്ട ഷാപ്പുകളിൽ തൊഴിൽ നൽകണമെന്ന് 2007-08-ലെ നയത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കള്ള് ഷാപ്പുകളിൽ നിയമന നിർദ്ദേശം നൽകരുതെന്ന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ? | (ഡി) മാർഗ്ഗ നിർദ്ദേശം യാതൊന്നും നൽകിയിട്ടില്ല |

സെക്ഷൻ ആഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 345** — **09.07.2007 -ൽ മറുപടിക്ക്**

## പുഷ്പകൃഷി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പി. വിശ്വംഭരൻ<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) കൃഷി വകുപ്പ് മുഖാന്തിരം നടപ്പു സാമ്പത്തിക വർഷം പുഷ്പകൃഷി വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

എ) പുഷ്പകൃഷിക്കാർക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനം, കട്ട് ഫ്ലവർ, മറ്റു പുഷ്പങ്ങൾ തുടങ്ങിയവയ്ക്ക് പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾക്ക് ധനസഹായം നൽകിവരുന്നു. പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഹൗസുകൾ, തണൽ വലകൾ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു.

ബി) ഈ പദ്ധതിയിലൂടെ കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

ബി) പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

**പരമാവധി ധനസഹായം**

| ഉല്പാദന കേന്ദ്രം | പൊതു മേഖലാ സ്ഥാപനങ്ങൾ | കർഷകരുടെ ഇടങ്ങൾ |
|---|---|---|
| മോഡൽ നഴ്സറി | 18 ലക്ഷം രൂപ | 9 ലക്ഷം രൂപ |
| ചെറിയ നഴ്സറി | 3 ലക്ഷം രൂപ | 1.5 ലക്ഷം രൂപ |
| ടിഷ്യൂകൾച്ചർ ലാബുകൾ | 8 ലക്ഷം രൂപ | 4 ലക്ഷം രൂപ |

**പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ**

പുഷ്പ കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സ്ഥലങ്ങൾ കൃഷി ആരംഭിക്കുവാനായി സബ്സിഡി നൽകിവരുന്നു. ഓർക്കിഡ്, ആന്തൂറിയം, ഹെലിക്കോണിയ തുടങ്ങിയ കട്ട് ഫ്ലവറുകൾ കൃഷി ചെയ്യുവാനായി ചെറുകിട നാമമാത്ര കർഷകർക്ക് ഹെക്ടറൊന്നിന് 35,000 രൂപ വിഹിതം 2 ഹെക്ടർ സ്ഥലത്തേയ്ക്ക് ധനസഹായം നൽകിവരുന്നു. മറ്റു കർഷകർക്ക് സബ്സിഡി തുക 23,100 രൂപയും പരമാവധി 4 ഹെക്ടർ സ്ഥലത്തേക്കുമാണ് ഈ ധനസഹായം ലഭ്യമാക്കുന്നത്. കൂടാതെ കുറ്റിമുല്ല, ജമന്തി, വാടാമുല്ല തുടങ്ങിയ പൂച്ചെടികൾ നടുവാനായി ചെറുകിട നാമമാത്ര കർഷകർക്ക് 12,000 രൂപ നിരക്കിൽ പരമാവധി 2 ഹെക്ടർ സ്ഥലത്തേക്കും മറ്റു കർഷകർക്ക് 7,920 രൂപ നിരക്കിൽ പരമാവധി 4 ഹെക്ടർ സ്ഥലത്തേയ്ക്കും ധനസഹായം നൽകിവരുന്നു.

**<u>സംരക്ഷിത കൃഷി</u>**

പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഹൗസുകൾ, തണൽ വലകൾ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകും.

| ഗ്രീൻ ഹൗസ് | ധനസഹായം ച. മീറ്ററിന് | പരമാവധി അർഹത |
|---|---|---|
| ഹൈടെക് ഗ്രീൻ ഹൗസ് | 325 രൂപ | 1000 ച.മീ. |
| സാധാരണ ഗ്രീൻ ഹൗസ് | 125 രൂപ | 1000 ച.മീ. |
| തണൽ വലകൾ | 7 രൂപ | 2000 ച.മീ. |

| | |
|---|---|
| (സി) ഏതെല്ലാം ജില്ലകളാണ് പുഷ്പകൃഷി വികസനത്തിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്; പദ്ധതി നടപ്പിലാക്കുവാൻ ഓരോ ജില്ലയ്ക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണ്? | (സി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പുഷ്പകൃഷി വികസനത്തിനായി തുക അനുവദിച്ചിട്ടുള്ളത്. ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 74.79 ലക്ഷം രൂപ |
| 2. | ആലപ്പുഴ | - | 50.99 ലക്ഷം രൂപ |
| 3. | കോട്ടയം | - | 76.04 ലക്ഷം രൂപ |
| 4. | ഇടുക്കി | - | 52.86 ലക്ഷം രൂപ |
| 5. | എറണാകുളം | - | 86.91 ലക്ഷം രൂപ |
| 6. | തൃശ്ശൂർ | - | 69.09 ലക്ഷം രൂപ |
| 7. | പാലക്കാട് | - | 52.74 ലക്ഷം രൂപ |
| 8. | മലപ്പുറം | - | 51.12 ലക്ഷം രൂപ |
| 9. | കോഴിക്കോട് | - | 52.74 ലക്ഷം രൂപ |
| 10. | വയനാട് | - | 52.74 ലക്ഷം രൂപ |
| 11. | കണ്ണൂർ | - | 50.99 ലക്ഷം രൂപ |
| 12. | കാസർഗോഡ് | - | 1.99 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ

---

## പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 346 9. 7. 2007 ൽ മറുപടിക്ക്

റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബിഡി ദേവസ്സി:<br>ശ്രീ. വി.ജെ. തങ്കപ്പൻ:<br>ശ്രീ. എം. ഹംസ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. എം. ചന്ദ്രൻ: | ഷെവ. റ്റി. യു. കുരുവിള<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തികൾ എന്തെല്ലാമാണ്; | (എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തികൾ താഴെ പറയുന്നവയാണ്. |

പൂർത്തിയാക്കിയ റെയിൽവേ മേൽപ്പാല പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1. | ഇരുമ്പനം റെയിൽവേ മേൽപ്പാലം - എറണാകുളം |
| 2. | തൃപ്പൂണിത്തുറ എസ്.എൻ ജംഗ്ഷൻ റെയിൽവേ മേൽപ്പാലം - എറണാകുളം |
| 3. | വെള്ളയിൽ റെയിൽവേ മേൽപ്പാലം - കോഴിക്കോട് |
| 4. | വെങ്ങാലി റെയിൽവേ മേൽപ്പാലം - കോഴിക്കോട് |
| 5. | തിരൂർ റെയിൽവേ മേൽപ്പാലം - മലപ്പുറം |
| 6. | മീഞ്ചന്ത റെയിൽവേ മേൽപ്പാലം - കോഴിക്കോട് |
| 7. | നീലേശ്വരം റെയിൽവേ മേൽപ്പാലം - കാസർഗോഡ് |
| 8. | ചെറുവണ്ണൂർകാവ് റെയിൽവേ മേൽപ്പാലം - കോഴിക്കോട് |
| 9. | സൗത്ത് കളമശ്ശേരി റെയിൽവേ മേൽപ്പാലം - എറണാകുളം |
| 10. | ചാലക്കുടി റെയിൽവേ മേൽപ്പാലം - തൃശ്ശൂർ |
| 11. | കുണ്ടുകര റെയിൽവേ മേൽപ്പാലം - തൃശ്ശൂർ |
| 12. | വെങ്ങളം റെയിൽവേ മേൽപ്പാലം - കോഴിക്കോട് |
| 13. | മുണ്ടൂർ റോഡ് റെയിൽവേ മേൽപ്പാലം - തൃശ്ശൂർ |

നിർമ്മാണം നടക്കുന്ന റെയിൽവേ മേൽപ്പാലങ്ങൾ

| ക്രമ നം | പദ്ധതിയുടെ പേര് - ജില്ല | ലെവൽ ക്രോസ്സ് നമ്പർ |
|---|---|---|
| 1. | നന്ദി - കോഴിക്കോട് | 206 |
| 2. | മുഴപ്പിലങ്ങാട് - കണ്ണൂർ | 232 |
| 3 | സുൽത്താൻപേട്ട് - പാലക്കാട് | 49 |
| 4. | കൊരട്ടി - തൃശ്ശൂർ | 54 |
| 5. | ബേക്കൽ - കാസറഗോഡ് | 276 |
| 6. | വിക്ടോറിയ - കോളേജ് - പാലക്കാട് | 50 |
| 7. | കടുക്കാം കുന്ന് - പാലക്കാട് | 159 |
| 8. | പുല്ലേപ്പടി - എറണാകുളം | 73 |
| 9. | അത്താണി - തൃശ്ശൂർ | 13 |
| 10. | പൊന്നുരുന്നി റെയിൽവേ മേൽപ്പാലം - എറണാകുളം | 2 |

ആരംഭിക്കാനുള്ള പണികൾ

| ക്രമ. നം. | പദ്ധതിയുടെ പേര് - ജില്ല | ലെവൽ ക്രോസ്സ് നമ്പർ |
|---|---|---|
| 1. | പരപ്പനങ്ങാടി റെയിൽവേ മേൽപ്പാലം - മലപ്പുറം | 174 എ |
| 2. | പയ്യന്നൂർ - കണ്ണൂർ | 261 |
| 3. | കുഞ്ഞിപ്പള്ളി - കോഴിക്കോട് | 217 |
| 4. | കൈനാട്ടി റോഡ് - കോഴിക്കോട് | 216 |
| 5. | കൊയിലാണ്ടി - കോഴിക്കോട് | 201 |
| 6. | ദേവദാർ - മലപ്പുറം | 172 |
| 7. | തിരുനാവായ - മലപ്പുറം | 170 |
| 8. | മുളങ്കുന്നത്തുകാവ് - തൃശ്ശൂർ | 8 |
| 9. | നന്തിക്കര - തൃശ്ശൂർ | 31 |
| 10. | ആളൂർ - മാള - തൃശ്ശൂർ | 45 |
| 11. | വെള്ളാൻചിറ - തൃശ്ശൂർ | 46 |
| 12. | ഡിവൈൻ നഗർ - തൃശ്ശൂർ | 52 |
| 13. | പൂളിയനം റോഡ് - എറണാകുളം | 59 |

സർക്കാരിന്റെയും റെയിൽവേയുടെയും അനുമതിക്ക് ശേഷം ടെണ്ടർ ചെയ്യുന്ന പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് ജില്ല | ലെവൽ ക്രോസ്സ് നമ്പർ |
|---|---|---|
| 1. | പന്നിയങ്കര - കോഴിക്കോട് | 178 |
| 2. | കാഞ്ഞങ്ങാട് ടൗൺ - കാസർഗോഡ് | 274 |
| 3 | ചെറുവത്തൂർ പടന്നറോഡ് - കാസർഗോഡ് | 268 |
| 4. | കണ്ണൂർ ടൗൺ - കണ്ണൂർ | 241 |
| 5. | ജഗന്നാഥ ടെമ്പിൾ ഗേറ്റ് - കണ്ണൂർ | 226 |
| 6. | തലശ്ശേരി- കണ്ണൂർ | 228 |
| 7. | അമലാപുരി നാലാം ഗേറ്റ് - കോഴിക്കോട് | 185 |
| 8. | പാലക്കാട് കോമൺ വെൽത്ത് - പാലക്കാട് | 52 |
| 9. | തൃശ്ശൂർ ടൗൺ - തൃശ്ശൂർ | 19 |
| 10. | നെടുമ്പാശ്ശേരി - എറണാകുളം | 04 |
| 11. | വടുതല - എറണാകുളം | 69 |
| 12. | പച്ചാളം - എറണാകുളം | 71 |
| 13. | അറ്റ്ലാന്റിസ്-എറണാകുളം | 76 T - |
| 14. | കൊല്ലം ടൗൺ - കൊല്ലം | 541 |

റെയിൽവേ മേൽപ്പാലം അല്ലാത്ത പദ്ധതികൾ

| | |
|---|---|
| 1 | പുലാമന്തോൾ പാലം (കുന്തിപ്പുഴ) - പാലക്കാട് |
| 2 | എയർപ്പോർട്ട് -സീപ്പോർട്ട് റോഡ് -എറണാകുളം ഒന്നാം ഘട്ടം |
| 3 | എയർപ്പോർട്ട് -സീപ്പോർട്ട് റോഡ് -എറണാകുളം രണ്ടാം ഘട്ടം |

(ബി) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) ഇവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിൽ വന്ന കാലതാമസവും, റെയിൽവേയിൽ നിന്നും ആവശ്യമായ അനുമതികൾ ലഭിക്കുന്നതിൽ വന്ന കാല താമസവും ഇത് കൂടാതെ ഫണ്ടിന്റെ അപര്യാപ്തത മൂലവും പണികളിൽ കാലതാമസം വന്നിട്ടുണ്ട്.

| | |
|---|---|
| (ഡി) പണികൾക്കായി നൽകേണ്ട ഫണ്ട് യഥാ സമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഇ) കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) യും (ഇ) യും കോർപ്പറേഷന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഗവൺമെന്റ് ശ്രമിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**പന്ത്രണ്ടാം കേരള നിയമസഭ**

**5-ാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 347

9.7.2007 - ൽ മറുപടിക്ക്

**" മെഡിക്കൽ എൻട്രൻസ് പരീക്ഷാഹാളിലെ അക്രമം "**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. കെ. ശിവദാസൻ നായർ : | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) സ്വകാര്യ മാനേജ്മെന്റ് കൺസോർഷ്യം നടത്തിയ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ ഇതിനായി പോലീസിന്റെ ഭാഗത്തുനിന്ന് എന്ത് സംരക്ഷണമാണ് നൽകിയിരുന്നത് ; | (എ) കേരള പ്രൈവറ്റ് മാനേജ്മെന്റ് അസ്സോസിയേഷൻ കോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തിപ്പിന് ക്രമസമാധാന പ്രശ്നം ഉണ്ടായാൽ പോലീസ് ഇടപെടണം എന്ന കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസിനെ നിയോഗിച്ചിരുന്നു. |
| (ബി) പോലീസ് സംരക്ഷണം ഉണ്ടായിരുന്നിട്ടും ഇവിടെ നടന്ന അക്രമ സംഭവങ്ങൾ തടയാൻ കാര്യക്ഷമമായ നടപടി സ്വീകരിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (സി) അക്രമം നടത്തിയതിന് നേതൃത്വം കൊടുത്തതിൽ ആരെയെല്ലാം കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; | (സി) അക്രമം നടത്തിയ 29 **AISF**, **AIYF** പ്രവർത്തകരെ സ്ഥലത്തുനിന്നും അറസ്റ്റ് ചെയ്ത് പനങ്ങാട് പോലീസ് സ്റ്റേഷനിൽ ക്രൈം 384/07 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. |
| (ഡി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത് ; | (ഡി)ഇവർക്കെതിരെ സെക്ഷൻ 143, 147, 447, 427 **R/w 149 IPC** വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്. |
| (ഇ) ഈ അക്രമത്തിൽ എത്ര പേർക്ക് പരിക്കേറ്റു ; എന്തെല്ലാം നാശ നഷ്ടങ്ങളുണ്ടായി ? | (ഇ)മേശ, കസേര എന്നിവകൾക്ക് നാശനഷ്ടം സംഭവിച്ചതിൽ 25,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. സംഭവത്തിൽ ആർക്കും പരിക്കു പറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *348 — 09-07-2007-ൽ മറുപടിയ്ക്ക്

## ഉത്സവം പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ,<br>ശ്രീ. വി. ശശി കുമാർ,<br>പ്രൊഫ. സി. രവീന്ദ്ര നാഥ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ,<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) 'ഉത്സവം' പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; ഇത് എങ്ങനെ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; | എ) അന്യം നിന്നു പോകുന്ന കേരളീയ പരമ്പരാഗത-തനത് കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുകയും അവയ്ക്ക് വേണ്ടത്ര അവസരങ്ങൾ നൽകുകയും ചെയ്യുക. ഇത്തരം കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരൻമാർക്ക് സാമ്പത്തിക നേട്ടം ലഭ്യമാക്കുക. കേരളീയ പാരമ്പര്യവും പൈതൃകവും അന്യമായിക്കൊണ്ടിരിക്കുന്ന പുതു തലമുറയ്ക്ക് അവയെക്കുറിച്ച് പുതിയൊരു അവബോധം സൃഷ്ടിക്കാൻ സഹായിക്കുക, സാംസ്കാരിക ടൂറിസം പ്രോത്സാഹിപ്പിച്ച് കേരളത്തിന്റെ പൈതൃകത്തനിമ ലോകമെമ്പാടും എത്തിയ്ക്കുക എന്നിവയാണ് 'ഉത്സവ'ത്തിന്റെ ലക്ഷ്യങ്ങൾ.<br><br>എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങളിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസങ്ങളിലും സമയത്തും 'ഉത്സവം' സംഘടിപ്പിക്കും. ഓരോ ജില്ലയിലും ജനപ്രതിനിധികൾ, ഗവൺമെന്റിതര സംഘടനകൾ, ടൂറിസം ക്ലബ്ബുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ടൂറിസം-സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരടങ്ങുന്ന സമിതി രൂപീകരിയ്ക്കും. അതാത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നേതൃത്വം നൽകുന്ന ഈ കമ്മിറ്റികൾ വേണ്ടത്ര കൂടിയാലോചനകളിലൂടെയാവും 'ഉത്സവം' സംഘടിപ്പിയ്ക്കേണ്ട കേന്ദ്രങ്ങളും അവതരിപ്പിയ്ക്കേണ്ട കലാരൂപങ്ങളും തെരഞ്ഞെടുക്കുക. ഓരോ മാസവും കലാരൂപങ്ങൾ അവതരിപ്പിയ്ക്കേണ്ട തീയതി കേരളത്തിലെമ്പാടും പൊതുവായ ഒന്നായിരിക്കും. |

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം കലാരൂപങ്ങളാണ് ഇതിൽ അവതരിപ്പിക്കുന്നത് ; | ബി) | കോലൻ തുള്ളൽ, കുമ്മി, കമ്പടി കളി, പൂരക്കളി, കൈകൊട്ടിക്കളി, പാക്കനാർ തുള്ളൽ, കുമ്മാട്ടി, തിരുവാതിരക്കളി, തുള്ളൽ, പടയണി, തെയ്യം ഐവർകളി, ഒപ്പന, കളമ്പാട്ട്, കാക്കാരിശ്ശി നാടകം, പരിചകളി, തീയ്യാട്ട്, തോൽപ്പാവക്കൂത്ത്, പാവ കഥകളി, പാക്കനാർ തുള്ളൽ, മാർഗ്ഗംകളി, മുടിയാട്ടം, വേലകളി, സർപ്പം തുള്ളൽ തുടങ്ങിയ കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളിൽ അതാത് ജില്ലാ തല സമിതികൾ നിർദ്ദേശിച്ച് സംസ്ഥാനസമിതി തെരഞ്ഞെടുക്കുന്ന കലാരൂപങ്ങളാവും അവതരിപ്പിയ്ക്കുക. |
| സി) | കലാപരിപാടി സംബന്ധിച്ച വിവരങ്ങൾ വിദേശീയരെ അറിയിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ ; | സി) | 'ഉത്സവ'ത്തിന്റെ ഒരു വർഷത്തെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന കലണ്ടർ തയ്യാറാക്കി മുൻകൂട്ടിത്തന്നെ ലോകമെമ്പാടുമുള്ള ടൂർ ഓപ്പറേറ്റർമാർ, ഇന്ത്യാ ടൂറിസ്റ്റ് ഓഫീസുകൾ, മാധ്യമങ്ങൾ എന്നിവർക്കെല്ലാം എത്തിയ്ക്കുന്നതിന് പുറമെ 'ഉത്സവ'ത്തിന്റെ ആകർഷകങ്ങളായ പരസ്യങ്ങൾ നൽകുകയും ചെയ്യും. |
| ഡി) | 'ഉത്സവം' ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത് ? | ഡി) | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റിതര സാമൂഹിക-സാംസ്കാരിക സംഘടനകൾ, ടൂറിസം ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാവും ഉത്സവം സംഘടിപ്പിക്കുക. |

Saraswathi

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 349 — 09.07.2007-ൽ മറുപടിക്ക്

### കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എം. യൂസഫ്<br>ശ്രീ. ബി. രാഘവൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം 2006 ഡിസംബർ 18 -ലെ ജി. ഒ (ആർ.റ്റി) 3228/2006/തൊഴിൽ നമ്പർ വിജ്ഞാപനം അനുസരിച്ച്, 2007 ജനുവരി 1-ാം തീയതി മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) മിനിമം വേതനം നൽകാത്ത കശുവണ്ടി ഫാക്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ പുതുക്കിയ മിനിമം വേതനം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ? | (സി) കേരളത്തിലെ കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട സ്ക്വാഡ്, ജില്ലാ ലേബർ ആഫീസറുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഫാക്ടറികൾ |

പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ ആവശ്യമായ സന്ദർഭങ്ങളിൽ നിയമപരമായ നടപടികൾ കൈക്കൊള്ളാറുമുണ്ട്.

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 9.7.2007 - ൽ മറുപടിക്ക്

നമ്പർ: 350

## വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ :<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.കെ.സി.രാജഗോപാലൻ:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.പി.ജയരാജൻ: | ശ്രീ.കോടിയേരിബാലകൃഷ്ണൻ<br>( ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) |
| (എ) വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽകെട്ടിക്കിടക്കുന്നപഴക്കം ചെന്ന വിജിലൻസ് കേസുകളുടെയും വിജിലൻസ് അന്വേഷണങ്ങളുടെയും പുതിയ കേസുകളുടെയും അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് |

| | |
|---|---|
| | ആന്റികറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേക്ക് വ്യാപിപ്പിച്ച് തുടർന്നു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **(ബി)** കെട്ടിക്കിടക്കുന്ന വിജിലൻസ് കേസുകളിൽ തീരുമാനമെടുക്കുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | **(ബി)** ഉണ്ട്. അഞ്ചുവർഷത്തിലധികം പഴക്കമുള്ള വിജിലൻസ് കേസുകളുടെ എണ്ണം 2004-05 - ൽ 95 ആയിരുന്നതിൽ നിന്നും 2005-06 - ൽ 79 ആയും, 2006-07 - ൽ 67 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| **(സി)** വിജിലൻസ് വകുപ്പിന്റെ പരിഗണനയിൽ ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട്; | **(സി)** 497 വിജിലൻസ് കേസുകൾ അന്വേഷണത്തിലുണ്ട്. |
| **(ഡി)** വിജിലൻസ് വകുപ്പ് നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | **(ഡി)** സംസ്ഥാന വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നവീകരണത്തിന്റെ ഭാഗമായി അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, |

മൊബൈൽ ഫോണുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേക്ക് വ്യാപിപ്പിച്ച് തുടർന്നും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളരെ പഴക്കംചെന്ന കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസ് കോടതിയിൽ വിചാരണയിലുള്ള കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി രണ്ട് പുതിയ വിജിലൻസ് കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 351. 09-07-07-ൽ മറുപടിക്ക്

## വ്യാജ കള്ള്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ. ടി. ജലീൽ<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. ആർ. സെൽവ രാജ് | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കള്ളുഷാപ്പുകളിലെ വ്യാജ കള്ളിന്റെ വില്പനയുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത കേസുകളിൽ എത്രയെണ്ണത്തിൽ കോടതി ശിക്ഷ വിധിച്ചു എന്ന് വെളിപ്പെടുത്തുമോ; | (എ) 60 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവ കോടതിയുടെ പരിഗണനയിലാണ്. |
| (ബി) ഷാപ്പുകളിൽ കൂടി ചെത്ത് കള്ള് മാത്രമേ വിൽക്കുകയുള്ളു എന്ന് ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിക്കുന്നുണ്ട്. |
| (സി) വ്യാജ കള്ളിന്റെ വില്പനയ്ക്ക് കൂട്ടു നില്ക്കുന്ന എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ? | (സി) നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 352 — 09.07.2007-ൽ മറുപടിക്ക്

## പ്രൈവറ്റ് സെക്യൂരിറ്റി സ്ഥാപനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബാബു പോൾ | | ശ്രീ. പി.കെ. ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് സെക്യൂ-രിറ്റി സ്ഥാപനങ്ങൾ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവയാണോ; ഇല്ലെങ്കിൽ ഇവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭൂരിഭാഗം പ്രൈവറ്റ് സെക്യൂരിറ്റി സ്ഥാപനങ്ങളും കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവയാണ്. രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾക്കെതിരെ പരിശോധനകൾ നടത്തി നിയമ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സെക്യൂരിറ്റി ജീവനക്കാർക്ക് മിനിമം വേതനം നിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മിനിമം വേതനം നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഈ വിഭാഗം ജീവനക്കാർക്ക് മാത്രമായി മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. സെക്യൂരിറ്റി ജീവനക്കാർക്ക് പ്രത്യേകമായി മിനിമം വേതനം നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| (സി) പ്രസ്തുത ജീവനക്കാരുടെ ജോലി സമയം കൃത്യമായി നിജപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം സെക്യൂരിറ്റി ജീവനക്കാരുടെ ജോലി സമയം നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 353</u> | <u>9-7-2007 - ൽ മറുപടിയ്ക്ക്</u>

## കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ നാളികേരം, കശുവണ്ടി, കുരുമുളക് തുടങ്ങിയവ കൂടി ഉൾപ്പെടുത്തുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശികുമാർ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ കേന്ദ്ര സർക്കാർ ഏതെല്ലാം കാർഷിക വിളകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | എ) കേരളത്തിൽ കൃഷിചെയ്യുന്ന നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നീ 6 ഇനം വിളകളെ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) കേരളത്തിലെ പ്രധാനപ്പെട്ട മറ്റ് ഏതെങ്കിലും വിളകളെ കേന്ദ്ര സർക്കാരിന്റെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്.<br>പ്രധാന ദീർഘകാല വിളകളായ തെങ്ങ്, റബ്ബർ, കുരുമുളക്, കശുമാവ്, അടയ്ക്ക, കാപ്പി, തേയില എന്നിവയെയും പ്രധാന ഉദ്യാനവിളകളെയും ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) നാളികേരം, കശുവണ്ടി, കുരുമുളക് തുടങ്ങിവ കൃഷി ചെയ്യുന്ന കർഷകർ വൻ കെടുതികൾക്ക് ഇരയാകുന്ന സാഹചര്യത്തിൽ ഇവ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ? | സി) സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 354      9. 7. 2007 ൽ മറുപടിക്ക്

**കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനങ്ങൾക്ക് വിഹിതം നൽകുന്നതിന്റെ മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ജെ.ജേക്കബ്<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ഷെവ. റ്റി.യു. കുരുവിള<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനങ്ങൾക്ക് വിഹിതം നൽകുന്നതിന്റെ മാനദണ്ഡം എന്താണ്; | (എ) കേന്ദ്ര റോഡ് ഫണ്ടിലേക്ക് കേന്ദ്ര ഗവൺമെന്റ് പെട്രോളിനും, ഡീസലിനും ചുമത്തിയിട്ടുള്ള നികുതിയിൽ പെട്രോളിൽ നിന്നുള്ള മുഴുവൻ സെസ്സും, ഡീസലിൽ നിന്നുള്ള 50% സെസ്സും കൂട്ടിയുള്ള തുകയുടെ 30% സംസ്ഥാന റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി വിനിയോഗിക്കുന്നു. |
| (ബി) കഴിഞ്ഞ 8 വർഷ കാലയളവിൽ ഓരോ വർഷവും എന്തു തുകയാണ് ലഭിച്ചത്; | (ബി) കഴിഞ്ഞ എട്ടു വർഷ കാലയളവിൽ താഴെ വിവരിക്കുന്ന പ്രകാരമാണ് തുക ലഭിച്ചിട്ടുള്ളത്. |

| | |
|---|---|
| 1999-2000 | - 0 |
| 2000-2001 | - 0 |
| 2001-2002 | - 0 |
| 2002-2003 | - 6.678 കോടി |
| 2003-2004 | - 19.5582 കോടി |
| 2004-2005 | - 25.20 കോടി |
| 2005-2006 | - 46.21 കോടി |
| 2006-2007 | - 31.87 കോടി |

(സി) ഇപ്രകാരം വിഹിതം നേടിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഏതെങ്കിലും വർഷം വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വീഴ്ച ഉണ്ടായിട്ടില്ല

(ഡി) ഫണ്ട് നഷ്ടപ്പെട്ടെങ്കിൽ അത് നേടിയെടുക്കുന്നതിന് എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ; കേന്ദ്ര റോഡ് ഫണ്ട് വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) ഫണ്ട് നഷ്ടപ്പെട്ടിട്ടില്ല എല്ലാ വർഷവും കേന്ദ്ര റോഡ് ഫണ്ടിൽ നിന്ന് അനുമതി ലഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കാറുണ്ട്.

ഗ്രാമീണ റോഡുകൾ ഒഴിച്ചുള്ള പ്രധാനപ്പെട്ട സംസ്ഥാന ഹൈവേകളും മേജർ ജില്ലാ റോഡുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ് കേന്ദ്ര റോഡ് ഫണ്ടിൽ പരിഗണിക്കുന്നതല്ല. 10 കി.മീ ദൈർഘ്യമുള്ളതോ പ്രധാനപ്പെട്ട കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന 10 കി.മീ-ൽ കുറഞ്ഞ ദൈർഘ്യമുള്ളതോ ആയ പദ്ധതിയ്ക്കാവശ്യമായ സ്ഥലമുള്ളതും, പണി തുടങ്ങുന്നതിന് കാലതാമസം നേരിടാത്ത റോഡുകളാണ് പരിഗണിക്കുന്നത്. ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 10%-ൽ കവിഞ്ഞ ചെലവ് കേന്ദ്ര ഗവൺമെന്റ് വഹിക്കുന്നതല്ല. 10%-ൽ കവിഞ്ഞ അധിക ചെലവ് സംസ്ഥാന ഗവൺമെന്റ് സ്വന്തമായി വഹിക്കേണ്ടതാണ് കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തിയുടെ ജൂൺ, സെപ്തംബർ, ഡിസംബർ, മാർച്ച് മാസങ്ങളിൽ അവസാനിക്കുന്ന ത്രൈമാസ പുരോഗതി റിപ്പോർട്ട് ഒരു മാസത്തിനകവും.

കേന്ദ്രറോഡ് ഫണ്ടിന്റെ ധനവിനിയോഗം സംബന്ധിച്ച് സർട്ടിഫിക്കറ്റ് ഓരോ വർഷവും ഏപ്രിൽ മാസം 30-ാം തിയതിയും പ്രവൃത്തി പൂർത്തിയാകുമ്പോൾ കംപ്ലീഷൻ റിപ്പോർട്ട് / സർട്ടിഫിക്കറ്റ് ആഡിറ്റ് ചെയ്തതിനു ശേഷവും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അയച്ചു കൊടുക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -355          9.7.2007 ൽ മറുപടിക്ക്

### കാലവർഷക്കെടുതിയിൽ തകരാറിലായ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.ബാബു<br>ശ്രീ. എ. പി അനിൽകുമാർ<br>ശ്രീ. പി. സി വിഷ്ണുനാഥ് | ഷെവ. ടി.യു കുരുവിള<br>(പൊതുമരാമത്തുവകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ തകരാറിലായ റോഡുകൾ അടിയന്തിരമായി ഗതാഗത യോഗ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ; | (എ) നൽകുന്നതാണ്. |
| (ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. | (ബി) പ്രകൃതി ക്ഷോഭത്തിൽ കേടുപാടുകൾ സംഭവിച്ച റോഡുകളുടെ അടിയന്തിര അറ്റകുറ്റപണികൾ ക്വൊട്ടേഷൻ വിളിച്ച് ചെയ്യുന്നതിന് 29-6-07-ലെ ജി. ഒ. (എം എസ്സ്) നമ്പർ 61/07/പൊ മ വ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം കാലവർഷകെടുതികൾ മൂലമുണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 21.63 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. ഇതിൽ 2.50 കോടി രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള അനുവാദം ഇതിനകം നൽകിയിട്ടുണ്ട്. |

ദേശീയ പാതാ വിഭാഗത്തിൽ ഇത്തരത്തിലുള്ള തകരാറുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇത് കേന്ദ്ര റോഡുപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിച്ച് അംഗീകാരവും ആവശ്യമായ ഫണ്ടും ലഭ്യമാക്കേണ്ടതുണ്ട്.

കെ. എസ് ടി. പി യും ഇത്തരം റോഡുകൾ നന്നാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് എത്ര തുകയുടെ മരാമത്ത് പണികൾ നടത്തേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ; | (സി) തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് 533 കോടി രൂപയുടേയും ദേശീയ പാതയ്ക്ക് 8 കോടി രൂപയുടേയും കെ. എസ് ടി പിയ്ക്ക് 30 ലക്ഷം രൂപയുടേയും പണികൾ നടത്തേണ്ടി വരുമെന്ന് കണക്കാക്കുന്നു. |
| (ഡി) ഇത്തരം അടിയന്തിര സാഹചര്യങ്ങളിൽ റോഡുകൾക്കുണ്ടാകുന്ന തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | (ഡ) തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

നടപ്പു സാമ്പത്തിക വർഷം നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 318.67 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾക്കായി നീക്കിവച്ചിട്ടുള്ള 21.63 കോടി രൂപ വളരെ പരിമിതമാണ്. എന്നിരുന്നാലും റോഡുകൾ സംരക്ഷിക്കുന്നതിന് ആവശ്യമായ റോഡുകേമ്പറുകളും, സൈഡിൽ ഓടകളും, ആവശ്യമായ കലുങ്കുകളും, ഉയർന്നതും താഴ്ന്നതുമായ പ്രദേശങ്ങളിൽ റീട്ടെയിനിംഗ് വാളുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ദേശീയ പാതകളിലും കാലവർഷക്കെടുതികൾമൂലം വളരെയധികം തകരാറുകൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ച് ആവശ്യമായ അംഗീകാരവും, ഫണ്ടും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ കുഴികൾ മൂലം സഞ്ചാരയോഗ്യമല്ലാതായ റോഡുകളുടെ അറ്റകുറ്റപണികൾ ഉടനെ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതാണ്.

കെ. എസ് ടി പി യിലും ഇത്തരത്തിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾക്കായി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

Section Officer

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *356 — 09.07.2007-ൽ മറുപടിയ്ക്ക്

## എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് എം.പുതുശ്ശേരി :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ചാഴികാടൻ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സർക്കാർ, സർക്കാരിതര ഏജൻസികൾ, പൊതുമേഖലാസ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ഒഴിവുകളിൽ എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനങ്ങൾ നടക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സർക്കാർ, സർക്കാരിതര ഏജൻസികൾ, പൊതുമേഖലാസ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ നിയമനം നടത്തുന്നത് അതത് സ്ഥാപനങ്ങളിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ അതനുസരിച്ച് യഥാസമയം നിയമനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തിര ഘട്ടങ്ങളിൽ എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയല്ലാതെ താൽക്കാലികമായി ആളെ ജോലിക്ക് നിയോഗിക്കാറുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; | (ബി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചസ്(കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട് ,1959 പ്രകാരം നടപടി സ്വീകരിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിലവിൽ ഇതിനെതിരെ നിർദ്ദേശം ഉള്ളപ്പോൾ പോലും ഇക്കാര്യത്തിൽ കൃത്യവിലോപം കാണിക്കുന്ന വകുപ്പ്/സ്ഥാപന മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; | (സി) ഇക്കാര്യത്തിൽ ബോധപൂർവ്വം വീഴ്ച വരുത്തുന്ന സ്ഥാപന മേധാവികൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) ഇത്തരത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ, വിശദവിവരം ലഭ്യമാക്കുമോ ? | (ഡി) അച്ചടക്ക നടപടി എടുക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 357 | 9-7-2007 - ൽ മറുപടിയ്ക്ക്

## കേരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എ. പി. അനിൽകുമാർ
ശ്രീ. അടൂർ പ്രകാശ്

എ) സംസ്ഥാനത്ത് നാളികേര വിലയിടിവുമൂലം കേരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

**മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് നാളികേര വിലയിടിവു മൂലം കേരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില പദ്ധതി പ്രകാരം സർക്കാർ മാർക്കറ്റിൽ ഇടപെട്ട് കൊപ്ര സംഭരിച്ചുവരുന്നു. ഇതു കൂടാതെ പാമോയിൽ ഉൾപ്പെടെയുള്ള ഭക്ഷ്യ എണ്ണകളുടെ അമിതമായ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഇറക്കുമതിച്ചുങ്കം ലോകവ്യാപാരക്കരാറനുസരിച്ചുള്ള പരമാവധി നിബന്ധിത നിരക്കിലേക്കുയർത്തണമെന്നും നിരന്തരം കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടു വരുന്നു.

ഇതോടൊപ്പം തന്നെ കാർഷികോല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന "കേരശ്രീ" എന്ന ബൃഹദ് പദ്ധതിയുടെ ഭാഗമായി നാളികേരത്തിന്റെ വൈവിധ്യവൽക്കരണം,

| | |
|---|---|
| | മൂല്യവർദ്ധനവ്, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പച്ച തേങ്ങ സംഭരണവും സർക്കാർ പരിഗണനയിലുണ്ട് |
| ബി) പല സ്ഥലങ്ങളിലും തെങ്ങുകൾ വെട്ടിമാറ്റി റബ്ബർകൃഷി നടത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) ഈ പ്രവണത തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) കേരകൃഷിയുടെ പ്രോത്സാഹനത്തിന് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളുമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.<br>കേരകൃഷി ലാഭകരമാക്കുന്നതിന് സംസ്ഥാന സർക്കാർ "കേരശ്രീ" എന്ന സമഗ്ര നാളികേര വികസന പദ്ധതി ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തെങ്ങിൻ തോട്ടങ്ങളിലെ മെച്ചപ്പെട്ട പരിപാലനം, ഇടവിളകൃഷി, സമ്മിശ്ര കൃഷി, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ജൈവ വള വിത്തുകളുടെ വിതരണം, നല്ലയിനം തെങ്ങിൻ തൈകൾ നടീൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 1120 ലക്ഷം രൂപയാണ് നാളികേര വികസനത്തിനായി സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.<br>2007-08 വർഷത്തിൽ നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ കേരകൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തെങ്ങു |

കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 358 9. 7. 2007 ൽ മറുപടിക്ക്

ബൈപാസ്സുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :<br>ശ്രീ. സി. കെ. സദാശിവൻ :<br>ശ്രീ. കെ. ടി. ജലീൽ :<br>ശ്രീ. ബാബു. എം. പാലിശ്ശേരി : | ഷെവ. റ്റി.യു. കുരുവിള.<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ബൈപാസ്സുകളുടെ പണിയാണ് നടന്നുവരുന്നത് ; | (എ) സംസ്ഥാനത്ത് ഇപ്പോൾ ദേശീയ പാതകളിൽ കോഴിക്കോട്, ആലപ്പുഴ എന്നീ ബൈപ്പാസുകളുടെ പണികൾ നടന്നു വരുന്നു. |
| (ബി) ഇവയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കു ന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) കേന്ദ്ര ഗതാഗതവകുപ്പു മന്ത്രിയിൽ നിന്നും ഇക്കാര്യത്തിൽ ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) കേരളത്തിലൂടെ കടന്നു പോകുന്ന ദേശീയ പാതകൾ പൂർണ്ണമായും നാല് വരിയാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ഉറപ്പു നൽ കിയിട്ടുണ്ടോ ; | (ഡി) കേരളത്തിലെ പ്രധാന ദേശീയ പാതകളായ എൻ.എച്ച് 47-ഉം എൻ.എച്ച് 17-ഉം പൂർണ്ണമായും ദേശീയ പാതാവികസന പദ്ധതിയിൽ (എൻ.എച്ച്.ഡി.പി) ഉൾപ്പെടുത്തി ബി.ഒ.റ്റി അടിസ്ഥാനത്തിൽ 4/6 വരിപ്പാതയായി വികസിപ്പിയ്ക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ഇ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ റീജിയണൽ ആഫീസ് സംസ്ഥാനത്ത് ആരംഭിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തോടുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ? | (ഇ) ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 359 — 09/07/2007 - ൽ മറുപടിക്ക്

## വ്യവസായ സ്ഥാപനങ്ങളിലെയും മറ്റു തൊഴിൽശാലകളിലെയും തൊഴിലാളികൾക്ക് നിയമപരമായി ആവശ്യമായ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എം.എം. മോനായി<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ കെ.കെ. ദിവാകരൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വ്യവസായ സ്ഥാപനങ്ങളിലെയും മറ്റ് തൊഴിൽ ശാലകളിലെയും തൊഴിലാളികൾക്ക് നിയമപരമായി ആവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുന്നുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ എത്ര സ്ഥാപനങ്ങൾക്കെതിരെ കഴിഞ്ഞ ഒരുവർഷക്കാലയളവിൽ നടപടിയെടുത്തിട്ടുണ്ട് ; | (ബി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർമാർ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 67 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) വ്യവസായ സ്ഥാപനങ്ങളിലെ സുരക്ഷാസംവിധാനങ്ങൾ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (സി) സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർമാർ ഫാക്ടറികൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ മാനേജ്മെന്റിന് നൽകുന്നുണ്ട്. അതോടൊപ്പം ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ സുരക്ഷിതത്വ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തി തൊഴിലാളികളുടെ ആരോഗ്യ സുരക്ഷക്കുൾപ്പെടെയുള്ള കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ ? | (ഡി) ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

---

പന്ത്രണ്ടാം കേരള നിയമസഭ
<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത</u>
<u>ചോദ്യം നം. 380</u> | <u>09.07.2007-ൽ മറുപടിക്ക്</u>

## കാർഷിക ഗവേഷണ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എവിടെയെല്ലാം കാർഷിക ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഈ കേന്ദ്രങ്ങളിൽ എന്തെല്ലാം ഗവേഷണങ്ങളാണ് നടക്കുന്നത്; | എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവേഷണ കേന്ദ്രങ്ങളുടെയും അവിടെ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെയും വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു. |
| ബി) ഈ ഓരോ കേന്ദ്രത്തിലും കാലഘട്ടത്തിനനുസൃതമായി വികസിപ്പിച്ചെടുത്ത വിത്തിനങ്ങളും തൈകളും എന്തെല്ലാമാണെന്നും അവ ഈ സംസ്ഥാനത്ത് എത്രമാത്രം പ്രയോജനപ്പെട്ടുവെന്നും വെളിപ്പെടുത്തുമോ; | ബി) കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത വിത്തിനങ്ങളും തൈകളും അനവധിയാണ്. 2006-ൽ ഉരുത്തിരിച്ച വിത്തിനങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു. |
| സി) 'കേരഗംഗ' എന്ന അത്യുല്പാദനശേഷിയുള്ള തെങ്ങിനം പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിളവും ഉല്പാദന ചെലവും എത്രയാണെന്നു താരതമ്യം ചെയ്യുമോ; | സി) ഉണ്ട്. വിളവ് ശരാശരി തെങ്ങൊന്നിന് 99 നാളികേരം. ഉല്പാദനച്ചെലവ് തെങ്ങൊന്നിന് 170 രൂപ. |
| ഡി) കൃഷി വകുപ്പിലൂടെ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും അവയുടെ വില വിവരവും എത്രയാണെന്നു വ്യക്തമാക്കുമോ? | ഡി) കൃഷി വകുപ്പിനു കീഴിലുള്ള ഫാമുകളിൽ ഉല്പാദിപ്പിച്ച് നേരിട്ടും, കൃഷി ഭവനുകളിലൂടെയും വിതരണം ചെയ്യുന്ന പ്രധാന നടീൽ വസ്തുക്കളുടെയും അവയുടെ വില്പന വിവരവും അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

## കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങൾ

| ക്രമ നം. | കേന്ദ്രം | സ്ഥലം | ഗവേഷണം |
|---|---|---|---|
| 1 | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം | വെള്ളായണി | പച്ചക്കറിവിളകൾ, നെല്ല്, തെങ്ങ്, പൂകൃഷി, ഇടവിളകൾ |
| 2 | തെങ്ങുഗവേഷണ കേന്ദ്രം | ബാലരാമപുരം | തെങ്ങും തെങ്ങിന്റെ ഇട വിളകളും |
| 3 | ക്രോപ്പിംഗ് സിസ്റ്റംസ് റിസർച്ച് സെന്റർ | കരമന | നെല്ല്, നെല്ലടിസ്ഥാന കൃഷിയും |
| 4 | ഫാമിംഗ് സിസ്റ്റംസ് റിസർച്ച് സെന്റർ | സദാനന്ദപുരം | പുരയിടത്തോട്ടകൃഷി |
| 5 | മണ്ണു സംരക്ഷണ ഗവേഷണ കേന്ദ്രം | കോന്നി | മണ്ണും മണ്ണു സംരക്ഷണവും, ഓണാട്ടുകര പ്രദേശത്തെ എണ്ണക്കുരുക്കൾ |
| 6 | ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം | കായംകുളം | നെല്ല്, തെങ്ങ്, എണ്ണക്കുരുക്കൾ, മറ്റ് ഇടവിളകൾ |
| 7 | കരിമ്പ് ഗവേഷണകേന്ദ്രം | തിരുവല്ല | കരിമ്പ്, പച്ചക്കറി വിളകൾ |
| 8 | നെല്ല് ഗവേഷണ കേന്ദ്രം | മങ്കൊമ്പ് | നെല്ല് |
| 9 | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം | കുമരകം | തെങ്ങ്, മത്സ്യം, നെല്ല്, പൗൾട്രി |
| 10 | നെല്ല് ഗവേഷണ കേന്ദ്രം | വൈറ്റില | പൊക്കാളി നെല്ല്, മത്സ്യം |
| 11 | ഫിഷറീസ് റിസർച്ച് സെന്റർ | പുതുവൈപ്പ് | മത്സ്യം |
| 12 | അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ | ചാലക്കുടി | നെല്ല്, പച്ചക്കറി, വെറ്റില, ജലപരിപാലനം |
| 13 | കന്നുകാലി പ്രജനനകേന്ദ്രം | തുമ്പൂർമുഴി | കന്നുകാലികൾ |
| 14 | ഏലം ഗവേഷണ കേന്ദ്രം | പാമ്പാടുംപാറ | ഏലം, കുരുമുളക്, പൂകൃഷി |
| 15 | സുഗന്ധ ഔഷധ സസ്യ ഗവേഷണ കേന്ദ്രം | ഓടക്കാലി | ഔഷധ സസ്യങ്ങൾ, സുഗന്ധ തൈലവിളകൾ |

| | | | |
|---|---|---|---|
| 16 | അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ | മണ്ണുത്തി | പച്ചക്കറി, മാവ്, പ്ലാവ്, കോൾ പാടങ്ങളിലെ [illegible] നെല്ല് |
| 17 | കശുമാവ് ഗവേഷണ കേന്ദ്രം | മാടക്കത്തറ | കശുമാവ് |
| 18 | കൈതച്ചക്ക ഗവേഷണകേന്ദ്രം | വാഴക്കുളം | കൈതച്ചക്ക, പാഷൻഫ്രൂട്ട് |
| 19 | കൈതച്ചക്ക ഗവേഷണകേന്ദ്രം | വെള്ളാനിക്കര | കൈതച്ചക്ക |
| 20 | വാഴ ഗവേഷണ കേന്ദ്രം | കണ്ണാറ | വാഴ, പ്ലാവ്, കൈതച്ചക്ക |
| 21 | കന്നുകാലി ഗവേഷണ കേന്ദ്രം | തിരുവിഴാംകുന്ന് | കന്നുകാലികൾ, അഗ്രോ ഫോറസ്ട്രി |
| 22 | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം | പട്ടാമ്പി | നെല്ല്, പയറുവർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗ വിളകൾ, പച്ചക്കറി |
| 23 | കശുമാവ് ഗവേഷണ കേന്ദ്രം | ആനക്കയം | കശുമാവ് |
| 24 | പ്രാദേശിക കന്നുകാലി വന്ധ്യതാ ഗവേഷണ കേന്ദ്രം | വെള്ളിമാട് കുന്ന് | കന്നുകാലികളിലെ വന്ധ്യത, [illegible] |
| 25 | ആട് ഗവേഷണ കേന്ദ്രം | മണ്ണുത്തി | ആടുകൾ |
| 26 | കുരുമുളക് ഗവേഷണ കേന്ദ്രം | പന്നിയൂർ | കുരുമുളക് |
| 27 | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം | പിലിക്കോട് | തെങ്ങ്, കശുമാവ്, മാവ്, നെല്ല് |
| 28 | മീറ്റ് ടെക്നോളജി യൂണിറ്റ് | മണ്ണുത്തി | മാംസ സംസ്കരണം |
| 29 | പിഗ് ബ്രീഡിംഗ് സ്റ്റേഷൻ | മണ്ണുത്തി | പന്നികൾ |
| 30 | എ.ഐ.സി.ആർ.പി. ഓൺ പൗൾട്രി | മണ്ണുത്തി | കോഴികൾ |
| 31 | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം | അമ്പലവയൽ | കുരുമുളക്, നെല്ല്, ശീതകാല പച്ചക്കറികൾ, മറ്റു ഹൈറേഞ്ച് വിളകൾ |

## അനുബന്ധം - 2

### 2006-ൽ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത പ്രധാന വിത്തിനങ്ങൾ

| വിളകൾ | പേര് |
|---|---|
| നെല്ല് | മനുപ്രിയ, അനശ്വര, വൈറ്റില 7 |
| തെങ്ങ് | കേരസാഗര |
| കോളസ് | സുഫല |
| കശുമാവ് | പൂർണ്ണിമ |
| ചോളം | സുഗുണ, സുപ്രിയ |
| ഗിനിപ്പുല്ല് | ഹരിതശ്രീ |
| വള്ളിപ്പയർ | വെള്ളായണി ജ്യോതിക |
| വെണ്ട | അഞ്ജിത, മഞ്ജിമ |
| തക്കാളി | വെള്ളായണി വിജയ് |
| മുളക് | വെള്ളായണി അതുല്യ |
| അമരപ്പയർ | ഹിമ, ഗ്രേസ് |
| ചീര | കൃഷ്ണശ്രീ, രേണുശ്രീ |
| ചെത്തിക്കൊടുവേലി | മൃദുല, ജ്യോതി |
| ആടലോടകം | [illegible], വാസിക |
| [illegible] | ജീവ |
| ഓർക്കിഡ് | ഡീപ്പ് ബ്ലഷ്, ലമൺബ്ലൂ, മാസ്റ്റർ ഡിലൈറ്റ്, പിങ്ക് കാസ്കേഡ്, വെരിവെറ്റ് സോഫ്റ്റ് |

# അനുബന്ധം - 3

## നടീൽ വസ്തുക്കൾ

1. വിവിധയിനം തെങ്ങിൻ തൈകൾ
2. നെൽവിത്ത്
3. വിവിധയിനം പച്ചക്കറി വിത്തിനങ്ങൾ
4. വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ
5. ബുഷ് പെപ്പർ
6. കറുവപ്പട്ട, ഗ്രാമ്പൂ, ജാതി, സർവ്വസുഗന്ധി തുടങ്ങിയ സുഗന്ധവ്യഞ്ജനവിളകളുടെ നടീൽ വസ്തുക്കൾ
7. കശുമാവ് ഗ്രാഫ്റ്റ്
8. മാവ്, പ്ലാവ്, സപ്പോട്ട, പേര, നാരകം, മാങ്കോസ്റ്റിൻ, ചെറി, ചാമ്പ, മാതളം മറ്റു ഫലവൃക്ഷങ്ങൾ എന്നിവയുടെ ഒട്ടു തൈകളും പതിവെച്ച തൈകളും.
9. വാഴക്കന്നുകൾ
10. കുടമ്പുളി ഗ്രാഫ്റ്റ്
11. ശീമപ്ലാവ് തൈകൾ
12. മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾ.
13. ആന്തൂറിയം, ഓർക്കിഡ്, റോസ, കുറ്റിമുല്ല തുടങ്ങിയ അലങ്കാര സസ്യങ്ങളുടെ നടീൽ വസ്തുക്കൾ.
14. ഔഷധ സസ്യങ്ങളുടെ നടീൽ വസ്തുക്കൾ
15. കവുങ്ങിൻ തൈകൾ
16. ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ

## വിലവിവരപ്പട്ടിക

| | ഇനം | | വില നിരക്ക് |
|---|---|---|---|
| 1. | തെങ്ങിൻ തൈ | | |
| | എ) | ഡബ്ല്യു.സി.റ്റി. | രൂ.25/ ഒരെണ്ണം |
| | | എലൈറ്റ് WCT | രൂ.26/ ,, |
| | | സങ്കരയിനം (TxD, DxT) | രൂ.30/ ,, |

| | | |
|---|---|---|
| | സെറിഗന്റ്സ് | രൂ.16/ ,, |
| | എം.വൈഡി | രൂ.15/ ,, |
| 2. | നെൽവിത്ത് | രൂ.12/- കി. ഗ്രാം |
| 3. | പച്ചക്കറി വിത്തിനങ്ങൾ | |
| | ചീര | രൂ.700/ കി. ഗ്രാം |
| | വെണ്ട | രൂ.600/ ,, |
| | വഴുതന | രൂ.1200/ ,, |
| | മുളക് | രൂ.1500/ ,, |
| | വെള്ളരി | രൂ.700/ ,, |
| | കുമ്പളം, മത്തൻ | രൂ.1200/ ,, |
| | ചുരയ്ക്ക | രൂ.600/ ,, |
| | പടവലം | രൂ.800/ ,, |
| | പാവൽ | രൂ.1000/ ,, |
| | തണ്ണിമത്തൻ | രൂ.1000/ ,, |
| | പയർ - കുറ്റിപ്പയർ | രൂ.100/ ,, |
| | വള്ളിപ്പയർ | രൂ.400/ ,, |
| | വാളരിപ്പയർ, നിത്യവഴുതന, അമര | രൂ.250/ ,, |
| | കൊത്തമര | രൂ.450/ കി. ഗ്രാം |
| | കാപ്സിക്കം മുളക് | രൂ.1300/ ,, |
| | കക്കിരി | രൂ.1300/ ,, |
| | ഓണൻ മുരിങ്ങ | രൂ.1300/ ,, |
| 4. | പപ്പായ | രൂ.750/ കി.ഗ്രാം |
| 5. | ഒട്ടുമാവ്, ഒട്ടുപ്ലാവ് | രൂ.271/ ഒരെണ്ണം |
| 6. | പേര ലെയർ | രൂ.12/- ഒരെണ്ണം |
| 7. | ഒട്ടുസപ്പോട്ട | രൂ.32/ ,, |
| 8. | ശീമപ്ലാവ് ലെയർ | രൂ.40/ ,, |
| 9. | മാതളം | രൂ.15/ ,, |
| 10 | സർവ്വസുഗന്ധി | രൂ.45/ ,, |
| 11 | ഒട്ടു കശുമാവ് | രൂ.20/ ,, |

| | | |
|---|---|---|
| 12 | ഗ്രാമ്പു തൈ, ജാതി തൈ | രൂ.10/ ,, |
| 13 | ഒട്ടു ജാതി | രൂ.80/ ,, |
| 14 | കവുങ്ങ് - മംഗള | രൂ.10/ ,, |
| | മോഹിത് നഗർ | രൂ.15/ ,, |
| | നാടൻ | രൂ.7/ ,, |
| 15 | കുടമ്പുളി ഗ്രാഫ്റ്റ് | രൂ.35/ ,, |
| 16 | പുളി ഗ്രാഫ്റ്റ് | രൂ.25/ ,, |
| 17 | ബുഷ് പെപ്പർ (ചെറുത്) | രൂ.25/- |
| | (വലുത്) | രൂ.56/- |
| 18 | ചെറി ലയർ | രൂ.15/- |
| 19 | പൈനാപ്പിൾ സക്കർ | രൂ.3/- |
| 20 | വാഴക്കന്ന് - കപ്പ | രൂ.5/- |
| | നേന്ത്രൻ | രൂ.4/- |

ഇവയ്ക്കു പുറമെ ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ വില അതാതു ജില്ലകളിൽ കമ്പോള നിരക്കിനനുസൃതമായി ഓരോ വർഷവും പുതുക്കി നിശ്ചയിക്കുന്നു.